بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ   نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ   وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 10

ലക്കം 50

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ അംനാസ് പി കെ

www.akhbarbadrqadian.in

2025 ഡിസംബർ 11 • ഹി.ശം 1404 ഫത്ഹ് 11 • ഹി:ഖ 1447 ജമാദുൽ ആഖിർ 19


## അല്ലാഹുവിന്റെ വചനം

وَالَّذِيْنَ هُمْ لِاَمٰنٰتِهِمْ وَعَهْدِهِمْ رٰعُوْنَ

﴿سُوْرَةُ الْمُؤْمِنُوْن:9﴾

(ആ സത്യവിശ്വാസികൾ) തങ്ങളുടെ അമാനത്തുകളും കരാറുകളും പാലിക്കുന്നവരുമാണ്.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

### വാഗ്ദാനം ചെയ്ത ശേഷം അത് ലംഘിക്കുന്ന വ്യക്തി കറയറ്റ കപടവിശ്വാസിയാണ്.

عَنْ عَبْدِ اللّٰهِ بْنِ عَمْرٍو رَضِيَ اللّٰهُ عَنْهُ قَالَ: قَالَ رَسُوْلُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ: اَرْبَعُ خِصَالٍ مَنْ كُنَّ فِيْهِ كَانَ مُنَافِقًا خَالِصًا: مَنْ اِذَا حَدَّثَ كَذَبَ، وَاِذَا وَعَدَ اَخْلَفَ، وَاِذَا عَاهَدَ غَدَرَ، وَاِذَا خَاصَمَ فَجَرَ، وَمَنْ كَانَتْ فِيْهِ خَصْلَةٌ مِنْهُنَّ كَانَتْ فِيْهِ خَصْلَةٌ مِنَ النِّفَاقِ حَتّٰى يَدَعَهَا

ഹദ്റത്ത് അബ്ദുല്ലാഹ് ഇബ്നു ഉമർرضی الله عنه നിവേദനം ചെയ്യുന്നു: അല്ലാഹുവിന്റെ ദൂതർﷺ പറഞ്ഞു: നാല് സ്വഭാവങ്ങൾ ഒരാളിലുണ്ടെങ്കിൽ അവൻ തികഞ്ഞ കപടവിശ്വാസിയാണ്. അവയിൽ ഒരെണ്ണമെങ്കിലും ഒരാളിലുണ്ടെങ്കിൽ, അത് ഉപേക്ഷിക്കുംവരെ അവനിൽ കപടവിശ്വാസത്തിന്റെ ഒരുസ്വഭാവമുണ്ടാകും. ആ സ്വഭാവങ്ങൾ ഇവയാണ്: സംസാരിക്കുമ്പോൾ നുണ പറയും. വാഗ്ദാനം ചെയ്താൽ അത് ലംഘിക്കും. കരാർ ചെയ്താൽ വഞ്ചിക്കും. തർക്കിക്കുമ്പോൾ അസഭ്യം പറയും.

بخاری کتاب الجهاد والسیر باب اثم من عاهد ثم غدر

عَنْ عَبْدِ اللّٰهِ بْنِ اَبِي الْحَمْسَاءِ قَالَ: بَايَعْتُ النَّبِيَّ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ قَبْلَ اَنْ يُبْعَثَ وَبَقِيَتْ لَهٗ بَقِيَّةٌ فَوَعَدْتُهٗ اَنْ اٰتِيَهٗ بِهَا فِيْ مَكَانِهٖ فَنَسِيْتُ فَذَكَرْتُ بَعْدَ ثَلٰثٍ فَاِذَا هُوَ فِيْ مَكَانِهٖ فَقَالَ: لَقَدْ شَقَقْتَ عَلَيَّ اَنَا هٰهُنَا مُنْذُ ثَلٰثٍ اَنْتَظِرُكَ.

ഹദ്റത്ത് അബ്ദുല്ലാഹ് ഇബ്നു അബിൽ ഹംസാഅ്رضی الله عنه നിവേദനം ചെയ്യുന്നു: പ്രവാചകത്വം ലഭിക്കുന്നതിന് മുമ്പ് ഞാൻ നബിതിരുമേനിﷺയുമായി ഒരു ക്രയവിക്രയം നടത്തി. അതിൽ അവിടുത്തേക്ക് ഞാൻ കുറച്ച് തുക നല്കാനുണ്ടായിരുന്നു. ഞാൻ അവിടുത്തോട് അവിടെ തന്നെ നിൽക്കാൻ പറഞ്ഞു. ശേഷം അക്കാര്യം ഞാൻ മറന്നുപോയി. മൂന്ന് ദിവസങ്ങൾക്ക് ശേഷം പെട്ടന്നത് എനിക്കത് ഓർമ്മ

ശേഷം പേജ് 11ൽ

## മനുഷ്യൻ അല്ലാഹുവിന്റെ എല്ലാ അമാനത്തുകളും ഈമാൻ സംബന്ധിച്ച ഉടമ്പടികളും, അതുപോലെ സൃഷ്ടികളുടെ എല്ലാ അമാനത്തുകളും ഉടമ്പടികളും കഴിയുന്നത്ര പാലിക്കുക.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلام ന്റെ ഉപദേശങ്ങൾ

അവന്റെ (വിശ്വാസിയുടെ) വ്യവഹാരങ്ങൾ ദൈവത്തോടാണ്. അത് ദൈവത്തോടാണെങ്കിലും സ്വഷ്ടികളോടാണെങ്കിലും അവൻ കെട്ടുപാടുകളില്ലാത്തവനും കടിഞ്ഞാണില്ലാത്തവനുമല്ല. നേരെമറിച്ച്, ദൈവ സമക്ഷം ഏതെങ്കിലും ആരോപണ വിധേയനാകരുതെന്ന ഭയത്താൽ തന്റെ അമാനത്തുകളിലും കരാറുകളിലും അവൻ വ്യാകുലചിത്തനാകുന്നു. അവൻ എപ്പോഴും തന്റെ അമാനത്തുകളും കരാറുകളും പരിശോധിക്കുകയും തഖ്‌വയുടെ (ദൈവഭക്തിയുടെ) ദൂരദർശിനി കൊണ്ട് അതിന്റെ ആന്തരികാവസ്ഥയെ പരിശോധിക്കുകയും ചെയ്യുന്നു. അങ്ങനെ രഹസ്യമായി തന്റെ അമാനത്തുകളിലും കരാറുകളിലും വല്ല ന്യൂനതയും ഉണ്ടാകാതിരിക്കാൻ വേണ്ടിയാണത്. അല്ലാഹുവിന്റേതായി അവന്റെ പക്കലുള്ള അമാനത്തുകൾ അതായത് എല്ലാ ശക്തികളും, എല്ലാ അവയവങ്ങളും, ജീവൻ, ധനം, അഭിമാനം തുടങ്ങിയവ കഴിയുന്നത്ര തന്റെ തഖ്‌വ പാലിച്ചുകൊണ്ട് വളരെ സൂക്ഷ്മതയോടെ അതതിന്റെ സ്ഥാനത്ത് ഉപയോഗിക്കുന്നു. ഈമാൻ (വിശ്വാസം) കൈക്കൊള്ളുന്ന സമയത്ത് അല്ലാഹുവുമായി ചെയ്ത ഉടമ്പടി സാധ്യമായത്ര പൂർണമായ സത്യസന്ധതയോടെ പൂർത്തിയാക്കാൻ വേണ്ടി കഠിനാധ്വാനം ചെയ്തുകൊണ്ടേയിരിക്കുന്നു. അതുപോലെ, സൃഷ്ടികളുടേതായി അവന്റെ പക്കലുള്ള അമാനത്തുകളും അമാനത്തുകളുടെ പരിധിയിൽ വരുന്ന കാര്യങ്ങളും തഖ്‌വയെ (ദൈവഭക്തിയെ) മുറുകെ പിടിച്ചുകൊണ്ട് കഴിവനുസരിച്ച് പാലിക്കുന്നു. ഒരു തർക്കം ഉണ്ടായാൽ തഖ്‌വയെ മുൻനിർത്തി അതിൽ തീർപ്പുകൽപ്പിക്കുന്നു; ആ തീർപ്പിൽ തനിക്ക് നഷ്ടം സഹിക്കേണ്ടിവന്നാലും ശരി... അല്ലാഹുവിന്റെ അമാനത്തുകളും ഈമാൻ സംബന്ധിച്ച ഉടമ്പടികളും* കഴിയുന്നത്ര പാലിക്കുക, തല മുതൽ പാദം വരെയുള്ള എല്ലാ ശക്തികളും അവയവങ്ങളും ബാഹ്യമായി കണ്ണുകളും കാതുകളും കൈകളും കാലുകളും മറ്റ് അവയവങ്ങളും, ആന്തരികമായി മനസ്സും മറ്റ് ശക്തികളും സ്വഭാവങ്ങളും കഴിവുള്ളിടത്തോളം കൃത്യമായി ആവശ്യമുള്ളിടത്ത് ഉപയോഗിക്കുക, അനധികൃത സ്ഥാനങ്ങളിൽ നിന്ന് അവയെ തടയുക, അവയുടെ ഗോപ്യമായ ആക്രമണങ്ങളെക്കുറിച്ച് ബോധവാ

ശേഷം പേജ് 12 ൽ

### തഫ്സീർ

## ഇസ്‌ലാം വിശ്വാസ്യത (അമാനത്ത്), സത്യസന്ധത (ദിയാനത്ത്), കരാർ പാലനം (മുആഹദാത്ത്) എന്നിവയ്ക്ക് സവിശേഷ പ്രാധാന്യം നല്കുന്നു.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضی الله عنه സൂറത്തുൽ മുഅ്മിനൂനിലെ ഒമ്പതാം ആയത്ത്

وَالَّذِيْنَ هُمْ لِاَمٰنٰتِهِمْ وَعَهْدِهِمْ رٰعُوْنَ

(തർജമ: ആ സത്യവിശ്വാസികൾ തങ്ങളുടെ അമാനത്തുകളും കരാറുകളും പാലിക്കുന്നവരുമാണ്.)

വ്യാഖ്യാനിച്ചുകൊണ്ടു പറയുന്നു: ഉടമ്പടി പാലിക്കുന്നതിൽ റസൂൽ കരീംﷺ എത്രയധികം ദത്തശ്രദ്ധനായിരുന്നെന്നാൽ പ്രവാചകത്വവാദം ഉന്നയിക്കുന്നതിനു മുമ്പ് പോലും ഗോത്രയുദ്ധങ്ങളും ദിനേനയുള്ള പരസ്പര ശണ്ഠകളും കലഹങ്ങളും കണ്ടിട്ട് മക്കയിലെ കുറച്ച് യുവാക്കൾ ഒരു സംഘടന (ഹിൽഫുൽ ഫുളൂൽ) ഉണ്ടാക്കി. മർദ്ദിതരെ സഹായിക്കുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. റസൂൽ കരീം ﷺ യും ആ സമിതിയിൽ ചേർന്നു. അവരെല്ലാവരും ചേർന്ന് ഇപ്രകാരം ശപഥം ചെയ്തു: അന്ത്യശ്വാസംവരെ അവർ എപ്പോഴും മർദ്ദിതരെ സഹായിക്കും. അക്രമികളിൽ നിന്ന് അവരുടെ അവകാശം അവർക്ക് നേടിക്കൊടുക്കാൻ ശ്രമിക്കും. ഒരുവേള അവർക്ക് അങ്ങനെ ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ സ്വയം ചെലവു വഹിച്ച് അവർക്ക് നല്കും.

മർദ്ദിതർക്ക് ആശ്വാസമേകാനും അവരുടെ അവകാശം അവർക്ക് നേടിക്കൊടുക്കാനും പ്രതിജ്ഞാബദ്ധരായ ഈ സമിതി എന്ത് പ്രവർത്തിച്ചു, എങ്ങനെ മർദ്ദിതരെ സഹായിച്ചു എന്നതിനെക്കുറിച്ച് ചരിത്രപരമായി കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. എങ്കിലും പ്രവാചകത്വ വാദത്തിന് ശേഷം മക്കയിലെ ആളുകൾ മുഹമ്മദ് റസൂലുല്ലാഹ്ﷺയുടെ ജീവനെടുക്കാൻ ശ്രമിക്കുന്ന ശത്രുക്കളായി മാറിയപ്പോൾ, അബൂ ജഹലിൽ നിന്ന് പണം കിട്ടാനുണ്ടായിരുന്ന ഒരാൾ അത് കിട്ടുന്നുണ്ടായിരുന്നില്ല റസൂൽ കരീം ﷺ യുടെ അടുത്ത് വന്ന് അപേക്ഷിച്ചു: അങ്ങ് ഹിൽഫുൽ ഫുളൂലിൽ ചേർന്നിരുന്നല്ലോ അങ്ങ് മർദ്ദിതരെ സഹായിക്കുമെന്ന് അതിൽ സത്യം ചെയ്തിരുന്നല്ലോ ആ ഉടമ്പടി ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ

ശേഷം പേജ് 11 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

**ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു: "അല്ലാഹുവിനുവേണ്ടി ഒരാൾ നല്കുകയാണെങ്കിൽ, ഞാൻ അവന് പലമടങ്ങ് അനുഗ്രഹം നല്കും എന്നതും അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ ഉൾപ്പെടുന്നു. ഈ ലോകത്ത് തന്നെ അവന് ധാരാളം ലഭിക്കും. മരണശേഷം പരലോകത്തിലെ പ്രതിഫലവും അവൻ കാണുമാറാകും. എത്രത്തോളം ആശ്വാസമാണ് അവന് ലഭിക്കുന്നത് എന്ന്. ഇന്ന് ഞാൻ ഇസ്‌ലാമിന്റെ പുരോഗതിക്കുവേണ്ടി നിങ്ങളുടെ ധനം ചെലവഴിക്കാൻ നിങ്ങളെയെല്ലാവരെയും ക്ഷണിക്കുന്നു."**

**ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضي الله عنه ജമാഅത്തിനോട് ഒരു ഫണ്ട് സ്വരൂപിക്കാൻ ആഹ്വാനം ചെയ്തു. അതുവഴി അഹ്മദിയ്യത്തിന്റെയും ഇസ്‌ലാമിന്റെയും സന്ദേശം ലോകത്തിന്റെ നാനാകോണുകളിലും എത്തിക്കാനും ജമാഅത്തിന്റെ വ്യവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്താനും എതിരാളികളുടെ കുതന്ത്രങ്ങളെയും കോലാഹലങ്ങളെയും പ്രതിരോധിക്കാനും ജമാഅത്തിനെതിരായ പ്രചാരണ വേലകൾ തെറ്റാണെന്ന് തെളിയിക്കാനും നമുക്ക് സാധിക്കും. തെറ്റാണെന്ന് തെളിയിക്കുക മാത്രമല്ല പ്രബോധനത്തിന്റെ കടമ നിർവഹിക്കുകയും ചെയ്യണം. കാരണം അതുവരെ നമ്മൾ പ്രബോധനത്തിന്റെ കടമ വേണ്ടത്ര ഗൗരവത്തോടെ യഥാർഹം നിർവഹിച്ചിരുന്നില്ല.**

**"ഞങ്ങൾ ഖാദിയാന് ഉന്മൂലനാശം വരുത്തും അഹ്മദിയ്യത്തിനെ ഭൂമുഖത്തു നിന്ന് തുടച്ചുനീക്കും എന്ന അഹ്റാറുകളുടെ അവകാശവാദത്തിനും, ഇന്ന് വരെ നമ്മുടെ എതിരാളികൾ മുഴക്കുന്ന ഈ മുദ്രാവാക്യങ്ങൾക്കും" ഓരോ വർഷവും ജമാഅത്തിന്റെ പുരോഗതിയിലൂടെ അതിന് മറുപടി നല്കപ്പെടുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളിലൂടെ മറുപടി നല്കപ്പെടുന്നു. ജമാഅത്തിൽ ബൈഅത്ത് ചെയ്ത് ചേരുന്ന ആളുകൾ അതിനുള്ള മറുപടിയാണ്. ഇന്ന് 220 രാജ്യങ്ങളിൽ വ്യാപിച്ചുകിടക്കുന്ന ജമാഅത്തിന്റെ പുരോഗതി ഇതിനുള്ള മറുപടിയാണ്: നിങ്ങൾ ഭൂമുഖത്തു നിന്നു തുടച്ചുനീക്കുമെന്ന് മുദ്രാവാക്യം മുഴക്കിയിരുന്നു, എന്നാൽ അല്ലാഹുവിന്റെ ഈ അനുഗ്രഹങ്ങൾ കാണുക. ജമാഅത്ത് മേൽക്കുമേൽ പുരോഗതി നേടി സത്വരം മുന്നേറുകയാണ്.**

**ഇന്നും, ഹൃദയം തുറന്ന് ത്യാഗം ചെയ്യുന്ന ഓരോ അഹ്മദിയും ഇത് അനുഭവിക്കുന്നു. ത്യാഗം ചെയ്യുന്നവർ അവരുടെ അനുഭവങ്ങൾ എഴുതുന്നുണ്ടാവാം.**

**അല്ലാഹു എങ്ങനെയാണ് അവർക്ക് ത്യാഗം ചെയ്യാൻ തൗഫീഖ് നല്കിയതെന്നും, എങ്ങനെയാണ് അവരുടെ ഈമാനുകളെ (വിശ്വാസത്തെ) ശക്തിപ്പെടുത്തിയതെന്നും കാണുമ്പോൾ അത്ഭുതം തോന്നുന്നു.**

**നിങ്ങളുടെ ആരാധനയുടെ നിലവാരം വർദ്ധിപ്പിക്കുകയും ഉയർത്തുകയും ചെയ്യണം. സാമ്പത്തിക ത്യാഗം മാത്രം ചെയ്തതുകൊണ്ട് എല്ലാം ആയി എന്ന് കരുതരുത്. നിങ്ങളുടെ ആരാധനയുടെ നിലവാരം വർദ്ധിപ്പിക്കുകയും ഉയർത്തുകയും ചെയ്യണം. സാമ്പത്തിക ത്യാഗം ചെയ്തതുകൊണ്ട് ആരാധനകളിൽ നിന്ന് ഒഴിവായി എന്ന് കരുതരുത്. നബി കരീം ﷺ പറഞ്ഞു, സാമ്പത്തിക ത്യാഗങ്ങളോടൊപ്പം നമസ്കാരവും നോമ്പും അത്യാവശ്യമാണ്.**

**അതുകൊണ്ട്, അല്ലാഹു നബി കരീം ﷺ ന് അബൂബക്കർ, ഉമർ, ഉസ്മാൻ എന്നിവരെയും സാമ്പത്തിക ത്യാഗം ചെയ്യുന്നവരെയും നല്കിയതുപോലെ ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നും തന്റെ യജമാനനെ പിന്തുടരുന്നതിന്റെ ഫലമായി എല്ലാം ബലിയർപ്പിക്കാൻ തയ്യാറായ അബൂബക്കർ സിദ്ദീഖിന്റെ رضي الله عنه മാതൃക കാഴ്ച വച്ച ശിഷ്യന്മാരെ നല്കി.**

**ഇത്തരം സംഭവങ്ങൾ കാണുമ്പോൾ ആ ആളുകളുടെ ഈമാൻ മാത്രമല്ല നമ്മുടെ പഴയ അഹ്മദികളുടെയും ഈമാൻ ശക്തിപ്പെടുന്നു. അല്ലാഹു എങ്ങനെയാണ് ഈ ആളുകൾക്ക് മാർഗനിർദേശം നല്കുന്നത് എന്ന് നമ്മളും ചിന്തിക്കണം.**

## തഹ്‌രീക്കെ ജദീദിന്റെ 91-ാം വർഷത്തിൽ അഹ്മദികൾ ചെയ്ത ത്യാഗങ്ങളെകുറിച്ചുള്ള പരാമർശവും 92-ാം വർഷ വിളംബരവും

**ഈ വർഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ജമാഅത്തിന് 19.55 മില്യൺ പൗണ്ടിന്റെ ത്യാഗം സമർപ്പിക്കാൻ തൗഫീഖ് ലഭിച്ചു. ഇത് കഴിഞ്ഞ വർഷത്തേക്കാൾ ഏകദേശം 1.5 മില്യൺ (15 ലക്ഷം 64 ആയിരത്തിലധികം) പൗണ്ട് കൂടുതലാണ്. വിവിധ രാജ്യങ്ങളിലെ ആത്മാർഥരായ അഹ്മദികളുടെ സാമ്പത്തിക ത്യാഗങ്ങളെ സംബന്ധിച്ച വിശ്വാസവർധക സംഭവങ്ങളുടെ വിവരണം.**

**ഖുത്ബ ജുമുഅ 2025 നവംബർ 07, 1404 നുബൂവത്ത് 07 മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ് ടിൽഫോർഡ്, (സർറെ) യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

مَثَلُ الَّذِيْنَ يُنْفِقُوْنَ اَمْوَالَهُمْ فِيْ سَبِيْلِ اللّٰهِ كَمَثَلِ حَبَّةٍ اَنْۢبَتَتْ سَبْعَ سَنَابِلَ فِيْ كُلِّ سُنْۢبُلَةٍ مِّائَةُ حَبَّةٍ ؕ وَاللّٰهُ يُضٰعِفُ لِمَنْ يَّشَآءُ ؕ وَاللّٰهُ وَاسِعٌ عَلِيْمٌ ۔ (البقرة:262)۔

ഈ ആയത്തിന്റെ പരിഭാഷ ഇതാണ്: അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവാക്കുന്നവരുടെ ഉപമ ഒരു ധാന്യമണിയുടേതുപോലെയാകുന്നു. അത് ഏഴു കതിരുകളെ ഉത്പാദിപ്പിച്ചു. ഓരോ കതിരിലും നൂറുമണിവീതം ഉണ്ട്. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ (ഇതിനെക്കാൾ) ഇരട്ടിയായി നല്കുന്നതാണ്. അല്ലാഹു ഔദാര്യവാനും സർവജ്ഞനുമാകുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, നവംബർ ഒന്നു മുതലാണ് ജമാഅത്തിന്റെ തഹ്‌രീക്കെ ജദീദിന്റെ പുതിയ സാമ്പത്തിക വർഷം ആരംഭിക്കുന്നത്. ഈ പശ്ചാത്തലത്തിൽ, തഹ്‌രീക്കെ ജദീദിന്റെ പുതുവർഷ വിളംബരം നടത്തുകയും കഴിഞ്ഞ വർഷം ജമാഅത്തുകൾ കാഴ്ചവച്ച സാമ്പത്തിക ത്യാഗങ്ങളെക്കുറിച്ച് പരാമർശിക്കുകയും ചെയ്യാറുണ്ട്. അതുപോലെ സാമ്പത്തിക ത്യാഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ചില കാര്യങ്ങൾ വിവരിക്കാറുണ്ട്. ഇത് വിവരിക്കുന്നതിന് മുമ്പ് ത്യാഗങ്ങളുടെ പ്രാധാന്യവും തഹ്‌രീക്കെ ജദീദിന്റെ ഒരു ചുരുങ്ങിയ പശ്ചാത്തലവും ഞാൻ അവതരിപ്പിക്കുന്നതാണ്.

തഹ്‌രീക്കെ ജദീദ് ആരംഭിച്ചത് 1934-ലാണ്. ജമാഅത്തിലെ നവാഗത, യുവതലമുറ എന്നിവർക്ക് ഇതിനെക്കുറിച്ച് അറിയണമെന്നില്ല അതിനാൽ ഞാൻ പറയാം. ഞാൻ സൂചിപ്പിച്ചതുപോലെ, തഹ്‌രീക്കെ ജദീദ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضي الله عنه 1934-ൽ ആരംഭിച്ചതാണ്. ഇതിന് കാരണമായ സാഹചര്യം എന്തെന്നാൽ, ആ സമയത്ത് അഹ്റാറുകാർ ജമാഅത്തിനെതിരെ ഒരു കലാപം സൃഷ്ടിക്കുകയും വലിയ കോലാഹലമുണ്ടാക്കുകയും ചെയ്തു. എതിർപ്പിന്റെ ഒരു കൊടുങ്കാറ്റായിരുന്നു അത്. ഞങ്ങൾ അഹ്മദിയ്യത്തിനെ ഭൂമുഖത്തു നിന്ന് തുടച്ചുനീക്കും. ഖാദിയാന്റെ പേരും അടയാളവും ബാക്കി വയ്ക്കാത്തവിധം അതിനെ തകർത്ത് തരിപ്പണമാക്കും എന്നതായിരുന്നു അവരുടെ മുദ്രാവാക്യം. അതുപോലെ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഖബർ സ്ഥിതി ചെയ്യുന്ന ബഹിശ്തി മഖ്ബറയെ അപമാനിക്കാനും അവർ പദ്ധതിയിട്ടിരുന്നു. അത്തരക്കാർക്ക് അത് ഒരു സാധാരണ കാര്യമാണ്. ആ സമയത്തും ഗവൺമെന്റ് ജമാഅത്തിന് വേണ്ടി നല്കേണ്ടിയിരുന്ന സംര

ക്ഷണം നല്കിയിരുന്നില്ല. മറിച്ച് എതിരാളികളെ പിന്തുണയ്ക്കുകയായിരുന്നു എന്ന് പറയുന്നതാവും ഉചിതം. അത്തരമൊരു സമയത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓജമാഅത്തിനോട് ഒരു ഫണ്ട് സ്വരൂപിക്കാൻ ആഹ്വാനം ചെയ്തു. അതുവഴി അഹ്മദിയ്യത്തിന്റെയും ഇസ്‌ലാമിന്റെയും സന്ദേശം ലോകത്തിന്റെ നാനാ കോണുകളിലും എത്തിക്കാനും ജമാഅത്തിന്റെ വ്യവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്താനും എതിരാളികളുടെ കുതന്ത്രങ്ങളെയും കോലാഹലങ്ങളെയും പ്രതിരോധിക്കാനും ജമാഅത്തിനെതിരായ പ്രചാരണ വേലകൾ തെറ്റാണെന്ന് തെളിയിക്കാനും നമുക്ക് സാധിക്കും. തെറ്റാണെന്ന് തെളിയിക്കുക മാത്രമല്ല പ്രബോധനത്തിന്റെ കടമ നിർവഹിക്കുകയും ചെയ്യണം. കാരണം അതുവരെ നമ്മൾ പ്രബോധനത്തിന്റെ കടമ വേണ്ടത്ര ഗൗരവത്തോടെ യഥാർഹം നിർവഹിച്ചിരുന്നില്ല. ഈ ചിന്തയോടെയാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓതഹ്‌രീക്കെ ജദീദ് പ്രഖ്യാപിച്ചത്. രാജ്യത്തും ലോകമെമ്പാടും ഇസ്‌ലാമിന്റെയും അഹ്മദിയത്തിന്റെയും സന്ദേശം പ്രചരിപ്പിക്കണമെന്നും, അതുവഴി ശത്രുക്കൾക്ക് നമ്മുടെ പദ്ധതികളെ ഒരിടത്തും തകർക്കാൻ ശ്രമിക്കാനാവില്ലെന്നും അദ്ദേഹം പറഞ്ഞു. ഒരു സ്ഥലത്ത് എതിർപ്പുണ്ടെങ്കിൽ മറ്റൊരു സ്ഥലത്ത് പുരോഗതി കാണണം. ജമാഅത്തിന്റെ വ്യവസ്ഥ വ്യാപിച്ചുകൊണ്ടിരിക്കണം.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് നമ്മൾ കാണുന്നത് ലോകത്തിലെ എല്ലാ രാജ്യങ്ങളിലും അഹ്മദിയ്യത്തിന്റെയും യഥാർഥ ഇസ്‌ലാമിന്റെയും സന്ദേശം എത്തിയിരിക്കുന്നതാണ്. നമ്മുടെ മിഷനറിമാർ (പ്രബോധകർ) അവിടെ പ്രവർത്തിക്കുന്നു. ലോകത്തിലെ പല രാജ്യങ്ങളിലും നമ്മൾ മസ്ജിദുകൾ നിർമിച്ചിട്ടുണ്ട്. നമ്മുടെ സ്കൂളുകൾ, ആശുപത്രികൾ എന്നിവ പ്രവർത്തിക്കുന്നു. ജമാഅത്തിലെ മുബല്ലിഗുമാർക്കും മുറബ്ബിമാർക്കും സേവനം ചെയ്യാൻ അവസരം ലഭിക്കുന്നു. സാഹിത്യങ്ങൾ പ്രസിദ്ധീകരിക്കപ്പെടുന്നു. ലോകമെമ്പാടും വ്യാപിച്ചുകിടക്കുന്ന കേന്ദ്ര സ്റ്റുഡിയോ കൂടാതെ പല രാജ്യങ്ങളിലും എം.ടി.എയുടെ സ്റ്റുഡിയോകൾ സ്ഥാപിതമാണ്. റേഡിയോ സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ജോലികൾക്കെല്ലാം ആവശ്യമായ ഭീമമായ സംഖ്യ മറ്റ് ചന്ദകളിൽ നിന്ന് ലഭിക്കുന്നുണ്ടെങ്കിലും തഹ്‌രീക്കെ ജദീദ് ഇതിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. തഹ്‌രീക്കെ ജദീദിന്റെ കീഴിലാണ് ലോകത്ത് മുബല്ലിഗുമാർക്ക് പരിശീലനം ലഭിക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്തിലെ ഏകദേശം ആറോ ഏഴോ രാജ്യങ്ങളിൽ ജാമിഅകൾ (അഹ്മദിയ്യാ സർവകലാശാലകൾ) സ്ഥാപിതമാണ്. അവിടെ മുബല്ലിഗുമാരെയും മുറബ്ബിമാരെയും പരിശീലിപ്പിക്കുകയും പിന്നീട് അവർ ലോകമെമ്പാടും വ്യാപിച്ച് ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും പ്രബോധനം നടത്തുകയും ചെയ്യുന്നു.

ഞങ്ങൾ ഖാദിയാന് ഉന്മൂലനാശം വരുത്തും അഹ്മദിയ്യത്തിനെ ഭൂമുഖത്തു നിന്ന് തുടച്ചുനീക്കും എന്ന അഹ്‌റാറുകളുടെ അവകാശവാദത്തിനും, ഇന്ന് വരെ നമ്മുടെ എതിരാളികൾ മുഴക്കുന്ന ഈ മുദ്രാവാക്യങ്ങൾക്കും – കഴിഞ്ഞ ദിവസവും റബ്‌വയിൽ ഒരു കോൺഫറൻസ് നടന്നപ്പോൾ ഇതേ മുദ്രാവാക്യം അവർ മുഴക്കുകയുണ്ടായി.– ഓരോ വർഷവും ജമാഅത്തിന്റെ പുരോഗതിയിലൂടെ അതിന് മറുപടി നല്കപ്പെടുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളിലൂടെ മറുപടി നല്കപ്പെടുന്നു. ജമാഅത്തിൽ ബൈഅത്ത് ചെയ്ത് ചേരുന്ന ആളുകൾ അതിനുള്ള മറുപടിയാണ്. ഇന്ന് 220 രാജ്യങ്ങളിൽ വ്യാപിച്ചുകിടക്കുന്ന ജമാഅത്തിന്റെ പുരോഗതി ഇതിനുള്ള മറുപടിയാണ്: നിങ്ങൾ ഭൂമുഖത്തു നിന്നു തുടച്ചുനീക്കുമെന്ന് മുദ്രാവാക്യം മുഴക്കിയിരുന്നു, എന്നാൽ അല്ലാഹുവിന്റെ ഈ അനുഗ്രഹങ്ങൾ കാണുക. ജമാഅത്ത് മേൽക്കുമേൽ പുരോഗതി നേടി സത്വരം മുന്നേറുകയാണ്.

അതുകൊണ്ട് അല്ലാഹുവിന്റെ ഈ പ്രവൃത്തിയും ഈ പിന്തുണയും, ഹദ്റത്ത് മസീഹ് മൗഊദ് ؑന്റ വാദം മുമ്പും സത്യമായിരുന്നു ഇന്നും സത്യമാണ് എന്നതിന്റെ തെളിവാണ്. അഹ്മദിയ്യത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരു മനുഷ്യനാൽ നടപ്പെട്ട ചെടിയല്ല. ഒരു സംഘടനയും നട്ട ചെടിയല്ല. ഒരു ഗവൺമെന്റും നട്ട ചെടിയല്ല. മറിച്ച് ദൈവത്താൽ നടപ്പെട്ട ചെടിയാണ്. അത് ഇന്ന് ലോകമെമ്പാടും ശാഖകൾ വ്യാപിച്ചുകിടക്കുന്ന ഒരു വടവൃക്ഷമായി മാറിയിരിക്കുന്നു. അല്ലാഹു അതിനെ കൂടുതൽ കൂടുതൽ വ്യാപിപ്പിക്കുകയും ഫലദായകമാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ പ്രക്രിയ തുടരുകയും വളരുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

ഞാൻ പാരായണം ചെയ്ത ആയത്തിലും അല്ലാഹു പറയുന്നു, അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവഴിക്കുന്നവരുടെ ഉപമ– അതിന്റെ പരിഭാഷ കേൾപ്പിച്ചപോലെ, ഏഴ് കതിരുകൾ മുളപ്പിക്കുകയും ഓരോ കതിരിലും നൂറ് ധാന്യമണികൾ ഉത്പാദിപ്പിക്കുകയും ചെയ്യുന്ന ഒരു ധാന്യവിത്തിനു തുല്യമാണ്. മറിച്ച് അല്ലാഹു അതിലും വർദ്ധിപ്പിച്ചു നല്കും. നിങ്ങൾ എന്റെ മാർഗത്തിൽ ചെലവഴിക്കുന്നതിന് ഞാൻ പ്രതിഫലമില്ലാതാക്കുകയില്ല. മറിച്ച് നിങ്ങളുടെ ഈ ത്യാഗത്തെ 700 മടങ്ങോ അതിൽ കൂടുതലോ ആക്കി മാറ്റാൻ എനിക്ക് കഴിവുണ്ട്' എന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അതുകൊണ്ട് ഈ കൽപ്പന നല്കിക്കൊണ്ട് അല്ലാഹു സത്യവിശ്വാസികളുടെ ഹൃദയങ്ങളെ ഇപ്രകാരം പ്രചോദിപ്പിച്ചിരിക്കുന്നു. നിങ്ങൾ നിങ്ങളുടെ മനസ്സു തുറന്ന് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചുകൊണ്ടേയിരിക്കുക. അല്ലാഹുവിന്റെ ദീനിന്റെ പ്രചാരണത്തിനായി ചെലവഴിക്കുക. ഈ കാലഘട്ടത്തിൽ മസീഹ് മൗഊദിലും പിന്നീട് ഇന്ന് അവിടുത്തെ ജമാഅത്തിലും ഏൽപ്പിക്കപ്പെട്ട ദൗത്യമാണിത്. അപ്പോൾ അല്ലാഹു നമ്മുടെ ധനത്തിൽ ബറക്കത്ത് (അനുഗ്രഹം) ചൊരിയും. ഓരോ വർഷവും നമ്മൾ അത് കാണുകയും ഞാൻ അത് വിവരിക്കുകയും ചെയ്യുന്നു. ഈ വർഷവും ധാരാളം ഉദാഹരണങ്ങൾ ഉണ്ട്. അല്ലാഹു എങ്ങനെയാണ് ആളുകളുടെ ഹൃദയങ്ങൾ തുറക്കുന്നതെന്നും, പല സ്ഥലങ്ങളിലും യാതൊരുവിധ ബുദ്ധിമുട്ടിനെക്കുറിച്ചുള്ള ചിന്തയുമില്ലാതെ ആളുകൾ ത്യാഗം ചെയ്തുകൊണ്ടേയിരിക്കുന്നതെന്നും കാണാം. പിന്നീട് അല്ലാഹു അവർക്ക് തിരികെ നല്കുകയും അല്ലെങ്കിൽ അവരുടെ ഹൃദയത്തിന് സമാധാനം നല്കുകയും ചെയ്യുന്നു. അവർക്ക് ഉടൻ ഫലം ലഭിച്ചില്ലെങ്കിൽ പോലും, അവർ ആ ത്യാഗത്തിൽ സന്തോഷിക്കുന്നു. പിന്നീട്, അവർ ഉപേക്ഷിച്ച ആഗ്രഹങ്ങൾ പോലും കുറച്ച് കാലം കഴിഞ്ഞ് നിറവേറ്റപ്പെടുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു, ഈ ലോകത്തും പ്രതിഫലമുണ്ടാകും, അടുത്ത ലോകത്തും പ്രതിഫലമുണ്ടാകും. ഇഹലോകത്ത് തന്നെ പ്രതിഫലം നേടുന്നവർ ധാരാളമുണ്ട്. പരലോകത്തെ പ്രതിഫലമോ കണക്കില്ലാത്തതുമാണ്.

ഗതകാല പണ്ഡിതന്മാരും ഈ ആയത്തിന് ഇതേ വ്യാഖ്യാനം തന്നെയാണ് നൽകിയിട്ടുള്ളത്. ഉദാഹരണത്തിന്, ഇമാം റാസി തന്റെ തഫ്സീറിൽ (ഖുർആൻ ഭാഷ്യത്തിൽ) എഴുതുന്നു: അല്ലാഹു ധനം വർദ്ധിപ്പിച്ച് തിരികെ നല്കുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. അദ്ദേഹം എഴുതുന്നു: അല്ലാഹു ജീവിപ്പിക്കാനും മരിപ്പിക്കാനുമുള്ള തന്റെ കഴിവിന് ഇപ്രകരം തെളിവുകൾ നല്കിയിട്ടുണ്ട്. ഇങ്ങനെ ദൈവത്തിന് കഴിവില്ലായിരുന്നെങ്കിൽ, ചെലവഴിക്കാനുള്ള കൽപ്പന സ്ഥിരമായിട്ടുണ്ടാകുമായിരുന്നില്ല. കാരണം, പ്രതിഫലമോ ശിക്ഷയോ നൽകാൻ ഒരു അസ്തിത്വമില്ലെങ്കിൽ, ചെലവഴിക്കുന്നത് വൃഥാവിലാകും. അല്ലാഹു പ്രതിഫലം നല്കുന്നു എന്നതിന്റെ അർഥം, തന്റെ മാർഗത്തിൽ ത്യാഗം ചെയ്യുന്നവർക്ക് അല്ലാഹു പ്രതിഫലം നല്കുന്നു, നേരെമറിച്ച് പാപം ചെയ്യുന്നവർക്ക് ശിക്ഷ ലഭിക്കുകയും ചെയ്യുന്നു. ഈ വിഷയത്തിൽ അദ്ദേഹം (ഇമാം റാസി) എഴുതിയിരിക്കുന്നു: വാചകാന്തരേണ പറഞ്ഞാൽ, ധനം ചെലവഴിക്കുന്നവരോട് അല്ലാഹു പറയുന്നു, നിന്നെ ഞാൻ സൃഷ്ടിച്ചെന്നും, എന്റെ അനുഗ്രഹം നിന്നിൽ പൂർണമാക്കിയെന്നും എന്റെ പ്രതിഫലവും വരദാനവും നല്കാനുള്ള കഴിവിനെക്കുറിച്ചും നിനക്കറിയാം. അതിനാൽ നിന്റെ ഈ അറിവ് ധനം ചെലവഴിക്കാൻ നിനക്ക് പ്രോത്സാഹനമാകണം. കാരണം, അൽപ്പം നല്കിയാൽ പകരം ധാരാളമായി നല്കുന്നത് അല്ലാഹുവാകുന്നു. ഒരു ധാന്യം വിതയ്ക്കുന്നവന് ഞാൻ ഏഴ് കതിരുകൾ പുറപ്പെടുവിക്കുകയും ഓരോ കതിരിലും നൂറ് ധാന്യങ്ങൾ ഉണ്ടാകുകയും ചെയ്യുമെന്ന ഈ വർധിതമായ പ്രതിഫലത്തിന് അല്ലാഹു ഉദാഹരണവും നല്കി. തുടർന്ന് അദ്ദേഹം ഇതിനെക്കുറിച്ച് ഇങ്ങനെ എഴുതുന്നു:

يُنۡفِقُوۡنَ اَمۡوَالَهُمۡ فِيۡ سَبِيۡلِ اللّٰهِ

അവർ അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നു. സബീലില്ലാഹ്)അല്ലാഹുവിന്റെ മാർഗത്തിൽ( എന്നതിനർഥം ദീൻ (മതം) എന്നാണ്.

(التفسیر الکبیر للامام فخر الدین الرازی جلد 4 صفحہ 39 مکتبہ دار الکتب العلمیہ بیروت)

ദൈവത്തിന്റെ ദീനിന് വേണ്ടി അവർ ചെലവഴിക്കുന്നു. അതിനാൽ, അഹ്മദിയ്യാ ജമാഅത്തിൽ അല്ലാഹു തന്റെ വാഗ്ദാനവും ഈ കൽപ്പനയും എങ്ങനെയാണ് പൂർത്തീകരിക്കുന്നതെന്ന് നാം

എപ്പോഴും കണ്ടുകൊണ്ടിരിക്കുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓഈ ആയത്തിന് വ്യാഖ്യാനം നല്കിയിട്ടുണ്ട്: നിങ്ങൾ ദീനീ കാര്യങ്ങൾക്കായി നിങ്ങളുടെ ധനം ചെലവഴിക്കുകയാണെങ്കിൽ, ഒരു ധാന്യത്തിൽ നിന്ന് അല്ലാഹു 700 ധാന്യങ്ങൾ ഉണ്ടാക്കുന്നതുപോലെ അവൻ നിങ്ങളുടെ ധനത്തെയും വർദ്ധിപ്പിക്കും. മറിച്ച്

وَاللّٰهُ يُضٰعِفُ لِمَنْ يَّشَآءُ

(അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് അതിലും വർദ്ധിപ്പിച്ചു നല്കുന്നു) എന്നതിലൂടെ സൂചിപ്പിക്കുന്നത് പോലെ അവൻ അതിലും കൂടുതൽ പുരോഗതി നല്കുന്നതാണ്. ചരിത്രം ഇതിന് സാക്ഷിയാണ്: അങ്ങനെ തന്നെയാണ് സംഭവിച്ചത്. ഹദ്റത്ത് അബൂബക്കർ ؓതീർച്ചയായും മഹത്തായ ത്യാഗങ്ങൾ വരിച്ചു. എന്നാൽ അല്ലാഹു അദ്ദേഹത്തെ തന്റെ റസൂലിന്റെ ആദ്യത്തെ ഖലീഫയാക്കിക്കൊണ്ട് അനുഗ്രഹിച്ച മഹത്തായ പ്രതിഫലത്തിന് മുന്നിൽ അദ്ദേഹത്തിന്റെ ത്യാഗങ്ങൾക്ക് എന്ത് നിലയാണുള്ളത്? അതുപോലെ, ഹദ്റത്ത് ഉമറും ؓധാരാളം നല്കി, എന്നാൽ എത്ര വലിയ പ്രതിഫലമാണ് അദ്ദേഹത്തിന് ലഭിച്ചത്! ഹദ്റത്ത് ഉസ്മാനും ؓചെയ്തതിനേക്കാൾ ലക്ഷക്കണക്കിന് മടങ്ങ് ഈ ലോകത്ത് തന്നെ ലഭിച്ചു. അതുപോലെ, നാം ഓരോ സ്വഹാബിയുടെയും അവസ്ഥ പരിശോധിച്ചാൽ, അല്ലാഹുവിന്റെ ഇതേ സമീപനം കാണാം. ഹദ്റത്ത് അബ്ദുറഹ്മാൻ ബിൻ ഔഫ് ؓനെ തന്നെ നോക്കൂ; അദ്ദേഹം മരണപ്പെടുമ്പോൾ അദ്ദേഹത്തിന്റെ പക്കൽ മൂന്ന് കോടി രൂപ ഉണ്ടായിരുന്നു എന്ന് എഴുതപ്പെട്ടിരിക്കുന്നു. കൂടാതെ തന്റെ ജീവിത കാലത്ത് ലക്ഷക്കണക്കിന് രൂപ അദ്ദേഹം ചെലവഴിച്ചിട്ടുമുണ്ടായിരുന്നു. അതുപോലെ സ്വഹാബികൾ സ്വദേശം വിട്ടപ്പോൾ അവർക്ക് മെച്ചപ്പെട്ട ദേശം ലഭിച്ചു. സഹോദരീ സഹോദരന്മാരെ ഉപേക്ഷിച്ചപ്പോൾ അവർക്ക് മെച്ചപ്പെട്ട സഹോദരീ സഹോദരന്മാരെ ലഭിച്ചു. തങ്ങളുടെ മാതാപിതാക്കളെ ഉപേക്ഷിച്ചപ്പോൾ മാതാപിതാക്കളേക്കാൾ സ്നേഹിക്കുന്ന റസൂലുല്ലാഹ്ﷺനെ അവർക്ക് ലഭിച്ചു. ചുരുക്കത്തിൽ, അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്യുന്ന ഒരാൾക്കും സത്പ്രതിഫലം നിഷേധിക്കപ്പെടുകയില്ല.

(تفسیر کبیر جلد2 صفحہ 604، ایڈیشن 2004ء)

കഴിഞ്ഞ ഖുത്ബകളിൽ ഞാൻ ബദ്‌രീ സ്വഹാബികളെക്കുറിച്ച് വിവരിച്ചിരുന്നു. ഇപ്പോൾ നബിതിരുമേനി ﷺ യുടെ ജീവിതചരിത്രം ഗസ്‌വാത്തുകളുടെ (യുദ്ധങ്ങളുടെ) പശ്ചാത്തലത്തിൽ വിവരിക്കുമ്പോൾ, സ്വഹാബികളുടെ നന്മകളെക്കുറിച്ചും ത്യാഗങ്ങളെക്കുറിച്ചും പരാമർശമുണ്ടാകാറുണ്ട്. അല്ലാഹു അവരെ എങ്ങനെയാണ് അനുഗ്രഹിച്ചുകൊണ്ടിരുന്നത് എന്ന് നോക്കൂ! അല്ലാഹു അവരെ നഷ്ടപ്പെടാൻ വിട്ടില്ല മറിച്ച് അവർക്ക് അളവറ്റ അനുഗ്രഹങ്ങൾ നല്കിയെന്നാണ് ചരിത്രത്തിൽ നാം കാണുന്നത്. അതുകൊണ്ട്, അല്ലാഹു പല സന്ദർഭങ്ങളിലും ചെലവഴിക്കുന്നതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അല്ലാഹു ചിലയിടത്ത് പറയുന്നു, നിങ്ങളുടെ ധനത്തിൽ നിന്ന് ചെലവഴിക്കുക, നിങ്ങളുടെ പ്രിയങ്കരമായ വസ്തുക്കളിൽ നിന്ന് ചെലവഴിക്കുക, ഞാൻ നിങ്ങൾക്ക് പ്രതിഫലം നല്കും, നിങ്ങളുടെ ധനത്തിൽ ഞാൻ നിങ്ങൾക്ക് കൂടുതൽ വ്യാപ്തി നല്കിക്കൊണ്ടേയിരിക്കും, എന്റെ അനുഗ്രഹങ്ങളാൽ ഞാൻ നിങ്ങളെ അനുഗ്രഹിക്കും. അല്ലാഹുവിന്റെ ഈ അനുഗ്രഹങ്ങൾ നമ്മൾ കണ്ടുകൊണ്ടേയിരിക്കുന്നു. ഇന്നും, ഹൃദയം തുറന്ന് ത്യാഗം ചെയ്യുന്ന ഓരോ അഹ്മദിയും ഇത് അനുഭവിക്കുന്നു. ത്യാഗം ചെയ്യുന്നവർ അവരുടെ അനുഭവങ്ങൾ എഴുതുന്നു. അല്ലാഹു എങ്ങനെയാണ് അവർക്ക് ത്യാഗം ചെയ്യാൻ തൗഫീഖ് നല്കിയതെന്നും, എങ്ങനെയാണ് അവരുടെ ഈമാനുകളെ (വിശ്വാസത്തെ) ശക്തിപ്പെടുത്തിയതെന്നും കാണുമ്പോൾ അത്ഭുതം തോന്നുന്നു.

ഞാൻ ചില ഉദാഹരണങ്ങൾ സമർപ്പിക്കാം, അതിനുമുമ്പ് ചില വൈജ്ഞാനികവും ചരിത്രപരവുമായ വിവരണങ്ങളും അതുപോലെ ഹദീഥുകളും കേൾപ്പിക്കാം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓഹദ്റത്ത് ഈസാ ؑന്റെ ഒരു വചനത്തിന് വ്യാഖ്യാനം നല്കിയിട്ടുണ്ട്. ഹദ്റത്ത് ഈസാ ؑപറഞ്ഞു: നിങ്ങൾക്കുവേണ്ടി സ്വർഗത്തിൽ ധനം ശേഖരിക്കുക, അത് അവിടെ പുഴുക്കൾ നശിപ്പിക്കുകയില്ല, തുരുമ്പിക്കുകയില്ല, കള്ളന്മാർ കുത്തിത്തുറന്ന് മോഷ്ടിക്കുകയുമില്ല. ഇത് ഈസാ മസീഹ്ؑന്റെ (ബൈബിളിലെ) അധ്യാപനമാണ്. എന്നാൽ വിശുദ്ധ ഖുർആൻ പറയുന്നു: നിങ്ങൾ നിങ്ങളുടെ ധനം അല്ലാഹുവിന്റെ ഖജനാവിൽ ശേഖരിക്കുകയാണെങ്കിൽ അത് ആരും മോഷ്ടിക്കുകയില്ല എന്ന് മാത്രമല്ല, നിങ്ങൾക്ക് കുറഞ്ഞത് ഒന്നിന് പകരം 700 മടങ്ങ് വരെ ലഭിക്കുന്നതാണ്. ഇനി അതിൽ കൂടുന്ന കാര്യത്തിൽ പരിധിയുമില്ല. ഈസാ മസീഹ്ؑപറയുന്നത് അവിടെ ധാന്യം പുഴുക്കൾ തിന്നുകയില്ലെന്നാണെങ്കിൽ വിശുദ്ധ ഖുർആൻ പറയുന്നു: അത് പുഴുക്കളിൽ നിന്ന് സംരക്ഷിക്കപ്പെടുമെന്നു മാത്രമല്ല, ഒന്നിന് പകരം 700 മടങ്ങ് വർദ്ധിച്ച് തിരികെ ലഭിക്കുന്നതുമാണ്. തീർച്ചയായും അല്ലാഹുവിന് ഒരു മനുഷ്യന്റെ സഹായവും ആവശ്യമില്ല. എന്നാൽ അവൻ തന്റെ ദാസന്മാരോട് കരുണ കാണിച്ചുകൊണ്ട് ഒരു കാര്യം ചെയ്യാൻ അവർക്ക് അവസരം നല്കുമ്പോൾ അതിലൂടെ അവരുടെ പദവികൾ ഉയർത്താനാണ് അവൻ ആഗ്രഹിക്കുന്നത്.

(تفسیر کبیر جلد2 صفحہ 605-604، ایڈیشن 2004ء)

ഈ ലോകത്തും പ്രായോഗികമായി അത് 700 മടങ്ങ് വർദ്ധിപ്പിക്കാൻ അവന് കഴിയും. എന്നാൽ ആ നന്മകൾക്കുള്ള പ്രതിഫലം അടുത്ത ലോകത്ത് പലമടങ്ങ് വർദ്ധിപ്പിച്ച് നല്കുന്നതാണ്. അതുകൊണ്ട്, 700 മടങ്ങ് വർദ്ധിപ്പിക്കുമെന്ന അല്ലാഹുവിന്റെ ഈ വാഗ്ദാനം ഈ ലോകത്തിന് വേണ്ടി മാത്രമുള്ളതല്ല, ഇഹലോകത്തും പരലോകത്തും അവനത് വർദ്ധിപ്പിക്കുന്നതാണ്. ഇതിന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ؓഒരിടത്ത് വ്യാഖ്യാനം നല്കിയിട്ടുണ്ട്. അദ്ദേഹം പറയുന്നു:

നന്നായി ഓർക്കുക, പ്രവാചകന്മാർ ചന്ദകൾ ആവശ്യപ്പെടുന്നത് തങ്ങൾക്കുവേണ്ടിയല്ല, മറിച്ച് സംഭാവന നല്കുന്നവർക്ക് എന്തെങ്കിലും ലഭിക്കുന്നതിന് വേണ്ടിയാണ്. അതായത്, ത്യാഗം ചെയ്യുന്നവർക്ക് പ്രയോജനം ലഭിക്കുന്നതിന് വേണ്ടിയാണ് അല്ലാഹു അവർക്ക് അനുഗ്രഹം നൽകാനും അവരുടെ ധനം വർദ്ധിപ്പിക്കാനും വേണ്ടിയാണ് ചന്ദകൾ നൽകാൻ ആവശ്യപ്പെടുന്നത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ؓപറഞ്ഞു: അല്ലാഹുവിന്റെ അടുത്ത് നല്കാൻ ധാരാളം വഴികളുണ്ട്. അതിൽ ഒരു വഴിയാണിത്. ഇത് സൂറത്തിന്റെ തുടക്കത്തിൽ, അതായത് സൂറത്തുൽ ബഖറയിലെ നാലാം ആയത്തിൽ

مِمَّا رَزَقْنٰهُمْ يُنْفِقُوْنَ

എന്നതിലൂടെ പരാമർശിച്ചിട്ടുണ്ട്. തുടർന്ന്,

اٰتَى الْمَالَ عَلٰى حُبِّهٖ

(സൂറത്തുൽ ബഖറയിലെ ആയത്ത്) എന്നതിലൂടെയും. പിന്നീട് ഇതേ അധ്യായത്തിൽ

اَنْفِقُوْا مِمَّا رَزَقْنٰكُمْ

എന്നതിലൂടെയും പരാമർശിച്ചിട്ടുണ്ട്.

പിന്നെ അദ്ദേഹം പറഞ്ഞു: ഇപ്പോൾ ഇൻഫാഖ് ഫീ സബീലില്ലാഹി (അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക) എന്ന വിഷയം തുറന്ന് വിശദീകരിക്കാം. ബൈബിളിൽ ഒരു വാക്യമുണ്ട്: ആരെങ്കിലും ചോദിച്ചാൽ അവന് നല്കുക. എന്നാൽ നോക്കൂ, വിശുദ്ധ ഖുർആൻ ഈ വിഷയം അഞ്ച് റുകൂഉകളിൽ (ഖണ്ഡികകളിൽ) ആണ് പൂർത്തിയാക്കിയത്. വളരെ വിശദമായി പറഞ്ഞിരിക്കുന്നു.

ആദ്യത്തെ ചോദ്യമിതാണ്, ആർക്ക്, എന്തിന് നല്കണം? ഇതിനെക്കുറിച്ച് അല്ലാഹു പറഞ്ഞു, ഇഅ്‌ലായെ കലിമത്തുല്ലാഹ് (ദൈവവചനം(കലിമ) ഉയർത്തിപ്പിടിക്കുക) എന്നതിന് വേണ്ടി ചെലവഴിക്കുന്നവർക്ക് വേണ്ടി നല്കുക. ഇതിന്റെ ഒരു ഉദാഹരണം, ഒരാൾ നിലത്ത് ഒരു വിത്ത് പാകുന്നത് പോലെയാണ്. ഉദാഹരണമായി തിന എടുക്കാം. അപ്പോൾ അതിൽ നിന്ന് പല കതിരുകൾ പുറത്തുവരാൻ തുടങ്ങുന്നു. പിന്നെ അദ്ദേഹം പറയുന്നു:

وَاللّٰهُ يُضٰعِفُ لِمَنْ يَّشَآءُ

(അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് അതിലും വർദ്ധിപ്പിച്ചു നല്കുന്നു). അതായത്, ചില സ്ഥലങ്ങളിൽ ഒന്നിന് പകരം പത്തും, മറ്റുചിലയിടങ്ങളിൽ ഒന്നിന് പകരം 700 മടങ്ങും നല്കുമെന്ന് പരാമർശിച്ചിട്ടുണ്ട്. ഈ അളവ് ആവശ്യംനേരിട്ട സമയവും സന്ദർഭവും അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. ഉദാഹരണത്തിന്, ഒരു വ്യക്തി ഒരു നദീതീരത്താണ്, ശൈത്യകാലമാണ്, മഴ പെയ്യുന്നുണ്ട്, അങ്ങനെയുള്ള അവസ്ഥയിൽ ഒരാൾ വെള്ളം ചോദിച്ചാൽ അവന് ഒരു ഗ്ലാസ് വെള്ളം നല്കുന്നത് വലിയ കാര്യമല്ല. കാരണം എല്ലായിടത്തും വെള്ളമുണ്ട്. എന്നാൽ, ഒരാൾ കാട്ടിൽ ഉച്ച സമയത്ത് ദാഹിച്ച് പരവശനാണെങ്കിൽ അല്ലെങ്കിൽ കഠിനമായ ജ്വരം അഥവാ പനി പിടിപെട്ട് മരണാസന്നമായ അവസ്ഥയിലാണെങ്കിൽ അങ്ങനെയുള്ള ഒരാൾക്ക് വെള്ളം നല്കുന്നത് മഹത്തായ നന്മയാണ്. അതുകൊണ്ട്, ഇത്തരത്തിലുള്ള വ്യത്യാസം അനുസരിച്ച് അല്ലാഹു പ്രതിഫലങ്ങളിൽ വ്യത്യാസം വരുത്തിയിരിക്കുന്നു. ചിലയിടത്ത്

ആവശ്യം വച്ചുനോക്കുമ്പോൾ ത്യാഗം വളരെ വലുതായിരിക്കും. അതിന്റെ ആവശ്യകതയും കൂടുതലായിരിക്കും. അതുകൊണ്ട് അതിന്റെ പ്രതിഫലം അല്ലാഹു 700 മടങ്ങോ അതിലും കൂടുതലോ വർദ്ധിപ്പിക്കുന്നു. എന്നാൽ ചിലയിടത്ത് ത്യാഗം അത്രയധികം വലുതല്ല എന്നാൽ എന്തായാലും ത്യാഗം അത്യാവശ്യമാണ്. അവിടെ അല്ലാഹു പ്രതിഫലം നല്കാതിരിക്കുകയില്ല. മറിച്ച് അവിടെയും ഇരട്ടിയോ പത്തിരട്ടിയോ പ്രതിഫലം നല്കുന്നു.

ധനം ചെലവഴിക്കുന്നതിനെക്കുറിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ﵁ നല്കിയ ഉദാഹരണങ്ങളാണിവ. ഈ വിഷയത്തിൽ അദ്ദേഹം മറ്റൊരു സംഭവം കൂടി വിവരിച്ചു, ഹദ്റത്ത് റാബിഅ ബസരിയുടെതായിരുന്നു അത്. അവർ വീട്ടിലിരിക്കുമ്പോൾ അതിഥികൾ വന്നു, വീട്ടിൽ കഴിക്കാൻ രണ്ട് റൊട്ടികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവർ വേലക്കാരിയോട് പറഞ്ഞു: ഈ രണ്ട് റൊട്ടികൾ ദാനം (സ്വദഖ) നല്കി വരിക. വേലക്കാരി പറഞ്ഞു: വളരെ വിചിത്രം തന്നെ, വീട്ടിൽ അതിഥികൾ വന്നിട്ടും ഈ കുറഞ്ഞ റൊട്ടികൾ പോലും പാവങ്ങൾക്ക് നല്കാൻ നിങ്ങൾ പറയുന്നു. കുറച്ച് സമയം കഴിഞ്ഞപ്പോൾ പുറത്തുനിന്ന് ഒരു സ്ത്രീയുടെ ശബ്ദം കേട്ടു. അടുത്ത വീട്ടിൽ താമസിച്ചിരുന്ന ഒരു ധനികയായ സ്ത്രീ കുറച്ച് ഭക്ഷണം അയച്ചിട്ടുണ്ട് എന്ന് അവർ പറഞ്ഞു. ഭക്ഷണം വന്നപ്പോൾ ഹദ്റത്ത് റാബിഅ ബസരി എണ്ണിനോക്കി, അതിൽ പതിനെട്ട് റൊട്ടികൾ ഉണ്ടായിരുന്നു. ഹദ്റത്ത് റാബിഅ ബസരിക്ക് അല്ലാഹുവുമായി അഗാധമായ ബന്ധമായിരുന്നു. അല്ലാഹു അവരുടെ ആവശ്യം തീർച്ചയായും പൂർത്തിയാക്കുമെന്ന് അവർക്ക് വിശ്വാസമുണ്ടായിരുന്നു. അവർ രണ്ട് റൊട്ടികൾ നല്കിയിട്ടുണ്ടെങ്കിൽ, അതിനേക്കാൾ കൂടുതൽ ലഭിക്കേണ്ടതാണ് കുറഞ്ഞത് ഇരട്ടിയോ പത്തിരട്ടിയോ. അവർ പറഞ്ഞു: ഈ പതിനെട്ട് റൊട്ടികൾ എനിക്കുള്ളതല്ല. എനിക്ക് 20 അതിഥികളാണ് വന്നിരിക്കുന്നത്. അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് എനിക്ക് 20 റൊട്ടികൾ ലഭിക്കേണ്ടതായിരുന്നു. ഇത് എനിക്കുള്ളതല്ല. അവർ പറഞ്ഞു: ഇത് ഞാൻ സ്വീകരിക്കുകയില്ല, ഇത് തിരികെ നല്കുക. അവരുടെ വേലക്കാരി പറഞ്ഞു ഇത് സ്വീകരിച്ചാലും അല്ലാഹു അനുഗ്രഹം അയച്ചതല്ലേ. എന്നാൽ അവർ പറഞ്ഞു: ഇത് എനിക്കുവേണ്ടി അയച്ചതല്ല. അപ്പോഴേക്കും വീണ്ടും അയൽവാസിയായ ആ ധനിക സ്ത്രീയുടെ ശബ്ദം കേട്ടു. അവർ ആ വേലക്കാരിയോടു പറഞ്ഞു: നിങ്ങൾ എവിടെ പോയി? ഞാൻ റാബിഅ ബസരിക്ക് വേണ്ടി മറ്റൊരു ഭക്ഷണപ്പൊതിയാണ് തയ്യാറാക്കി വച്ചിരുന്നത്. അത് കൊണ്ടുവരപ്പെട്ടപ്പോൾ അതിൽ ഇരുപത് റൊട്ടികൾ ഉണ്ടായിരുന്നു. അങ്ങനെ, ഈ മഹദ് വ്യക്തികൾ അല്ലാഹുവിൽ വിശ്വസിക്കുകയും അല്ലാഹു അവരുടെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്തിരുന്നു.

ഈ വിഷയത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ﵁ ഈ കാര്യം വിവരിച്ചു: എന്തിന് അല്ലാഹുവിന്റെ മാർഗത്തിൽ നല്കണം? അദ്ദേഹം പറഞ്ഞു: ഒന്നാമതായി, തികച്ചും 'ഇബ്തിഗാ മർളാത്തിനായി (അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടി) നല്കുക, അതായത് ഔദര്യം പ്രകടിപ്പിക്കരുത്, മറിച്ച് അല്ലാഹുവിന്റെ പ്രീതി നേടാൻ വേണ്ടി നല്കുക. അല്ലാഹു സന്തോഷിക്കുമാറാകണം, അവൻ നമ്മൾക്ക് എണ്ണമറ്റ ഔദാര്യങ്ങൾ നല്കിയിട്ടുണ്ട്. എന്തിനാണ് നല്കേണ്ടത്? അല്ലാഹുവിന്റെ ദീനിന് വേണ്ടി നല്കുക, കാരണം അല്ലാഹുവിന്റെ ദീനിന് വേണ്ടി നല്കേണ്ടത് അത്യാവശ്യമാണ്. എങ്ങനെ നല്കണം? അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടു നല്കുക. ഞാൻ പറഞ്ഞതുപോലെ, അത് ഉപകാരസ്മരണ ആഗ്രഹിച്ചാകരുത്.

ماخوذ از حقائق الفرقان جلد 1 صفحہ 420-421

ത്യാഗം ചെയ്തവരാരും ജമാഅത്തിനുമേലല്ല ഔദാര്യം ചെയ്തത്. മറിച്ച് അത് അല്ലാഹുവിന്റെ ഔദാര്യമാണ്. കാരണം നിങ്ങൾ അവന്റെ മാർഗത്തിൽ സദുദ്ദേശത്തോടെ ചെലവഴിക്കുമ്പോൾ അവൻ നിങ്ങൾക്ക് വർദ്ധിപ്പിച്ച് നല്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് ؑ പറയുന്നു: അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവഴിക്കുന്നവരുടെ ധനത്തിൽ അല്ലാഹു എങ്ങനെയാണ് അനുഗ്രഹം ചൊരിയുന്നത്? ഒരു ധാന്യം വിതയ്ക്കുമ്പോൾ, വിതയ്ക്കുന്നത് ഒന്നു മാത്രമാണെങ്കിലും, അല്ലാഹു അതിൽ നിന്ന് ഏഴ് കതിരുകൾ മുളപ്പിക്കുകയും, ഓരോ കതിരിലും നൂറ് ധാന്യങ്ങൾ ഉത്പാദിപ്പിക്കുകയും ചെയ്യും. അതായത് യഥാർഥ വസ്തുവിനേക്കാൾ കൂടുതൽ നല്കുക എന്നത് ഒരു അടിസ്ഥാന കാര്യമാണ്. യഥാർഥ വസ്തുവിനേക്കാൾ കൂടുതൽ നല്കാൻ അല്ലാഹുവിന് കഴിവുണ്ട് എന്നുള്ളത് അവന്റെ ശക്തിയിൽ ഉൾപ്പെടുന്നു. സത്യത്തിൽ, നമ്മുടെയെല്ലാം അതിജീവനത്തിന് ആധാരം അല്ലാഹുവിന്റെ ഈ ശക്തി മാത്രമാണ്. ഏതെങ്കിലും ഒരു വസ്തുവിനെ വർദ്ധിപ്പിക്കാൻ അല്ലാഹുവിന് കഴിവില്ലായിരുന്നുവെങ്കിൽ ലോകം മുഴുവൻ നശിച്ചുപോകുകയും ഭൂമിയിൽ ഒരൊറ്റ ജീവിപോലും അവശേഷിക്കാതിരിക്കുകയും ചെയ്യുമായിരുന്നു.

(چشمہ معرفت، روحانی خزائن جلد 23 صفحہ 170-171)

ഹദ്റത്ത് മസീഹ് മൗഊദ് ؑ എഴുതിയിരിക്കുന്നു:

തഅ്ബീർ റൂഅ്യായിൽ (സ്വപ്ന വ്യാഖ്യാനത്തിൽ), 'ധനം' എന്നത് 'കരളാണ്'. ഒരാൾ സ്വപ്നത്തിൽ ധനം കണ്ടാൽ, അതിന്റെ അർഥം കരളാണ്. അല്ലെങ്കിൽ കരളെടുത്ത് മാറ്റിയതായി കണ്ടാൽ, അതിന്റെ അർഥം ധനം എടുത്ത് മാറ്റി എന്നാണ്. അതിനാൽ ദാനധർമ്മം ചെയ്യുന്നത് ജീവൻ നല്കുന്നതിന് തുല്യമാണ്. അതായത് സാമ്പത്തിക ത്യാഗത്തിന് വലിയ പ്രാധാന്യമുണ്ട്. ദാനധർമ്മം ചെയ്യുമ്പോൾ ഒരാൾ എത്രത്തോളം സത്യസന്ധതയും സ്ഥിരതയും കാണിക്കുന്നു! അടിസ്ഥാനപരമായ കാര്യം ഇതാണ്, വെറും വാക്കുകൾകൊണ്ട് കാര്യമില്ല. പ്രായോഗികമായി ഒരു കാര്യം കാണിച്ചു കൊടുക്കുന്നതുവരെ വെറും സംസാരം കൊണ്ട് പ്രയോജനമില്ല. സ്വദഖ (ദാനം) എന്ന് ഇതിനെ വിളിക്കുന്നത്, സാദിഖീങ്ങൾക്ക് (സത്യസന്ധർക്ക്) അത് ഒരു അടയാളം നല്കുന്നു; അവരുടെ വിശ്വാസത്തിൽ യഥാർഥത്തിൽ സത്യസന്ധതയുണ്ടെന്ന് അതുവഴി തെളിയിക്കപ്പെടുന്നു.

(ماخوذ از ملفوظات جلد 1 صفحہ 238 ایڈیشن 1984ء)

ഹദീസിൽ വരുന്നു, നബി കരീം ﷺ ആരാഞ്ഞു: സകല ദാനശീലരിലും വച്ച് ഏറ്റവും വലിയ ദാനശീലനെക്കുറിച്ച് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? സ്വഹാബികൾ ചോദിച്ചു: തീർച്ചയായും, അല്ലാഹുവിന്റെ റസൂലേ. അപ്പോൾ നബി കരീം ﷺ പറഞ്ഞു: അല്ലാഹുവാണ് എല്ലാ ദാനശീലരെക്കാളും വലിയ ദാനശീലൻ. പിന്നെ നബി കരീം ﷺ തന്നെക്കുറിച്ച് പറഞ്ഞു: മനുഷ്യരിൽ ഏറ്റവും വലിയ ദാനശീലൻ ഞാനാണ്.

(مجمع الزوائد جلد 1 ص 224 کتاب العلم باب فی من نشر علماً...... حدیث نمبر 760)

തുടർന്ന് നബി കരീം ﷺ നമസ്കാരം, നോമ്പ്, സാമ്പത്തിക ത്യാഗം എന്നിവയിലേക്ക് ശ്രദ്ധക്ഷണിച്ചു. ഒരു നിവേദനത്തിൽ വരുന്നു: റസൂലുല്ലാഹ് ﷺ പറഞ്ഞു: നമസ്കാരം, നോമ്പ്, ദിക്ർ എന്നിവ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കപ്പെട്ട ധനത്തെ 700 മടങ്ങ് വർദ്ധിപ്പിക്കുന്നു.

(سنن ابی داود کتاب الجهاد باب فی تضعیف الذکر فی سبیل اللہ 2498)

അതുകൊണ്ട് സാമ്പത്തിക ത്യാഗം ചെയ്തവർക്കുള്ള മാർഗനിർദേശം ഇതാണ്: അവർ തങ്ങളുടെ ആരാധനകളുടെ നിലവാരവും ഉയർത്തണം. സാമ്പത്തിക ത്യാഗം മാത്രം ചെയ്തതുകൊണ്ട് എല്ലാം ആയി എന്ന് കരുതരുത്. നിങ്ങളുടെ ആരാധനയുടെ നിലവാരം വർദ്ധിപ്പിക്കുകയും ഉയർത്തുകയും ചെയ്യണം. സാമ്പത്തിക ത്യാഗം ചെയ്തതുകൊണ്ട് ആരാധനകളിൽ നിന്ന് ഒഴിവായി

**• ഹദീഥുന്നബ്വി ﷺ •**

**"അക്‌രിമൂ ഔലാദക്കും."**
**നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.**

ത്വാലിബെ ദുആ
**C. K.MUHAMMED SHAREEF&FAMILY**
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്വി ﷺ •**

**"അൽഅമാനത്തു ഇസ്സുൻ."**
**വിശ്വസ്തത അന്തസ്സാണ്.**

ത്വാലിബെ ദുആ
**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

എന്ന് കരുതരുത്. നബി കരീം ﷺ പറഞ്ഞു, ഞാൻ ഹദീസിൽ നിന്ന് സൂചിപ്പിച്ചതുപോലെ സാമ്പത്തിക ത്യാഗങ്ങളോടൊപ്പം നമസ്കാരവും നോമ്പും അത്യാവശ്യമാണ്. ഈ കാര്യങ്ങളാണ് നിങ്ങളെ അല്ലാഹുവിന്റെ സാമീപ്യത്തിലേക്ക് എത്തിക്കുന്നത്. അപ്പോൾ അല്ലാഹു നിങ്ങളോട് കരുണ കാണിക്കുകയും നിങ്ങളുടെ ധനം വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കുകയും ചെയ്യും.

ഇന്നും പലരും ത്യാഗങ്ങൾ ചെയ്യുന്നുണ്ട്. ആവശ്യമുണ്ടായിട്ടും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്ന ധാരാളം ഉദാഹരണങ്ങൾ ഇന്ന് നമുക്ക് ലഭിക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നത് അവന്റെ പ്രീതിക്ക് കാരണമാകുമെന്നും നമ്മുടെ ഈ ത്യാഗം പാഴാകുകയില്ലെന്നും അവർ പ്രതീക്ഷിക്കുന്നു. തീർച്ചയായും അല്ലാഹു അത് പാഴാക്കുകയില്ല.

നബി കരീം ﷺ ഒരു ഹദീസിൽ പറയുന്നു: ഒരു വ്യക്തി നബി കരീം ﷺഅടുത്ത് വന്ന് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, പ്രതിഫലത്തിന്റെ കാര്യത്തിൽ ഏറ്റവും വലിയ സ്വദഖ (ദാനം) ഏതാണ്? നബി കരീം ﷺ പറഞ്ഞു:

ഏറ്റവും വലിയ സ്വദഖ ഇതാണ്, ആരോഗ്യവാനായിരിക്കുകയും ധനത്തിന് ആവശ്യമുള്ളവനായിരിക്കുകയും അതിനോട് ആഗ്രഹം വച്ചുപുലർത്തുന്നവനായിരിക്കുകയും ദാരിദ്ര്യത്തെ ഭയപ്പെടുന്നവനായിരിക്കുകയും സമൃദ്ധി ആഗ്രഹിക്കുന്നവനായിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ നീ ദാനധർമ്മം ചെയ്യുന്നതിൽ താമസം വരുത്താതിരിക്കുക.

ഈ ഭൗതിക കാര്യങ്ങളോടുള്ള ആഗ്രഹങ്ങളെല്ലാം ഉണ്ടായിരിക്കെത്തന്നെ നീ ദാനധർമ്മം ചെയ്യുക. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക. നബി കരീം ﷺ പറഞ്ഞു: നിന്റെ ജീവൻ കണ്ഠനാളത്തിൽ എത്തിയതിന് ശേഷം നീ പറയരുത്, ഇന്നയാൾക്ക് ഇത്ര നല്കുക, ഇന്നയാൾക്ക് ഇത്ര നല്കുക എന്ന്. അപ്പോൾ ആ ധനം നിന്റേതല്ല. അത് ഇന്നയാൾക്കുള്ളതായി കഴിഞ്ഞു. അത് അവകാശികൾക്ക് ലഭിക്കാൻ പോകുകയാണ്.

(صحیح البخاری کتاب الوصایا باب الصدقۃ عند الموت حدیث 2748)

അതിനാൽ, നബി കരീം ﷺ പറഞ്ഞു: ആരോഗ്യമുള്ള അവസ്ഥയിലും ആവശ്യമുള്ള അവസ്ഥയിലും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതാണ് യഥാർഥ ത്യാഗം. നിങ്ങൾ ഇത് ചെയ്യുകയാണെങ്കിൽ അല്ലാഹു ഈ ലോകത്തും നിങ്ങൾക്ക് വർദ്ധിപ്പിച്ച് നല്കും. അടുത്ത ലോകത്തും വർദ്ധിപ്പിച്ച് നല്കും.

നമ്മുടെ ജമാഅത്തിലെ മഹദ് വ്യക്തികളുടെ മാതൃകകളും ഇതുതന്നെയായിരുന്നു; അവർ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാൻ തങ്ങളുടെ ധനം എണ്ണി നോക്കിയിരുന്നില്ല, മറിച്ച് മനസ്സു തുറന്ന് ചെലവഴിച്ചിരുന്നു. അതുപോലെ നബി കരീം ﷺയുടെ കാലത്തെ സ്വഹാബികളുടെ ഉദാഹരണങ്ങളും നമുക്ക് ലഭിക്കുന്നുണ്ട്. ഒരു നിവേദനത്തിൽ വരുന്നു: നബി കരീം ﷺ ഭാര്യാ സഹോദരി ഹദ്റത്ത് അസ്മാ ബിൻത് അബൂബക്കർ رضي الله عنهاനെ ഉപദേശിച്ചു:

അല്ലാഹുവിന്റെ മാർഗത്തിൽ എണ്ണി എണ്ണി ചെലവഴിക്കരുത്, അപ്പോൾ അല്ലാഹുവും നിങ്ങൾക്ക് എണ്ണി എണ്ണി നല്കുന്നതാണ്.

നബി കരീം ﷺ പറഞ്ഞു: പിശുക്ക് കാരണം നിങ്ങളുടെ മടിശ്ശീലയുടെ വാ അടച്ചു വയ്ക്കരുത്. അതായത്, പണം സൂക്ഷിക്കുന്ന സഞ്ചി പിശുക്ക് കൊണ്ട് പൂട്ടി വയ്ക്കരുത്. അല്ലെങ്കിൽ ആ വാ അടഞ്ഞു തന്നെയിരിക്കും, പിന്നീട് അതിലേക്ക് ധനം വരുകയില്ല.

(صحیح البخاری کتاب الزکوۃ باب التحریض علی الصدقۃ حدیث 1433)

അതുകൊണ്ട് നബി കരീം ﷺ പറഞ്ഞു: നിങ്ങൾ ധനം പുറത്തെടുക്കുകയാണെങ്കിൽ അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ ചെലവഴിക്കുകയാണെങ്കിൽ കൂടുതൽ ധനം വരും. അതുകൊണ്ട് ഹൃദയം തുറന്ന് ചെലവഴിക്കുക.

ജമാഅത്തിൽ ആദ്യമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ رضي الله عنهന്റെ ഉദാഹരണങ്ങൾ നമ്മൾ കാണുന്നു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلامന്റെ കാലഘട്ടത്തിൽ അദ്ദേഹം വളരെയധികം ത്യാഗങ്ങൾ ചെയ്തിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلامന്റെ ദൗത്യം പൂർത്തിയാക്കാനും അദ്ദേഹത്തെ സഹായിക്കാനും അദ്ദേഹം ധാരാളം ചെലവഴിച്ചിരുന്നു. ഇതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് عليه السلامതന്നെ ഒരിടത്ത് പരാമർശിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: ഞാൻ അനുവാദം നല്കിയിരുന്നെങ്കിൽ, അദ്ദേഹം സർവതും സമർപ്പിച്ചേനേ. അതായത്, ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ (ഖലീഫത്തുൽ മസീഹ് അവ്വൽ) ആ മാർഗത്തിൽ എല്ലാം കയ്യൊഴിഞ്ഞുകൊണ്ട്, തന്റെ ആത്മീയ സഹവാസത്തെപ്പോലെ ഭൗതിക സഹവാസത്തിന്റെയും എപ്പോഴും കൂട്ടുണ്ടായിരിക്കുന്നതിന്റെയും കടമ നിറവേറ്റുവാൻ തയ്യാറായിരുന്നു. എന്നാൽ നാം അനുവാദം നല്കിയില്ല, അല്ലെങ്കിൽ അദ്ദേഹം എല്ലാം നല്കിയേനെ. ആ മഹാത്മാവ് എഴുതുന്നു, അദ്ദേഹത്തിന്റെ (നൂറുദ്ദീൻ رضي الله عنهന്റെ) കത്തുകളിലെ ഏതാനും വരികൾ മാതൃകയായി കാണിച്ചുതരാം. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ رضي الله عنهഹദ്റത്ത് മസീഹ് മൗഊദ് عليه السلامന്റെ സന്നിധിയിൽ എഴുതി: ഞാൻ അങ്ങയുടെ മാർഗത്തിൽ ബലിയാകാൻ തയ്യാറാണ്. എന്റേതായിട്ടുള്ളതൊന്നും എന്റേതല്ല, അങ്ങയുടേതാണ്. എന്റെ നേതാവും വഴികാട്ടിയുമായ അങ്ങയുടെ മുന്നിൽ ഞാൻ പൂർണ സത്യസന്ധതയോടെ പറയട്ടെ, എന്റെ മുഴുവൻ ധനവും സമ്പത്തും ദീനിന്റെ പ്രചാരണത്തിനായി ചെലവഴിക്കപ്പെടുകയാണെങ്കിൽ, ഞാൻ എന്റെ ലക്ഷ്യംപ്രാപിക്കുന്നതാണ്.

(ماخوذ از فتح اسلام، روحانی خزائن جلد 3 صفحہ 36-35)

അതുകൊണ്ട്, അല്ലാഹു നബി കരീം ﷺ ന് അബൂബക്കർ, ഉമർ, ഉസ്മാൻ എന്നിവരെയും സാമ്പത്തിക ത്യാഗം ചെയ്യുന്നവരെയും നല്കിയതുപോലെ ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلامനും തന്റെ യജമാനനെ പിന്തുടരുന്നതിന്റെ ഫലമായി എല്ലാം ബലിയർപ്പിക്കാൻ തയ്യാറായ അബൂബക്കർ സിദ്ദീഖിന്റെ رضي الله عنهമാതൃക കാഴ്ച വച്ച ശിഷ്യന്മാരെ നല്കി.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلامപറയുന്നു:

അല്ലാഹുവിനുവേണ്ടി ഒരാൾ നല്കുകയാണെങ്കിൽ, ഞാൻ അവന് പലമടങ്ങ് അനുഗ്രഹം നല്കും എന്നതും അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ ഉൾപ്പെടുന്നു. ഈ ലോകത്ത് തന്നെ അവന് ധാരാളം ലഭിക്കും. മരണശേഷം പരലോകത്തിലെ പ്രതിഫലവും അവൻ കാണുമാറാകും. എത്രത്തോളം ആശ്വാസമാണ് അവന് ലഭിക്കുന്നത് എന്ന്.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلامപറയുന്നു:

ഇന്ന് ഞാൻ ഇസ്‌ലാമിന്റെ പുരോഗതിക്കുവേണ്ടി നിങ്ങളുടെ ധനം ചെലവഴിക്കാൻ നിങ്ങളെയെല്ലാവരെയും ക്ഷണിക്കുന്നു.

(ملفوظات جلد 8 صفحہ 394 ایڈیشن 1984ء)

അതിൽ ഈ ലോകത്തും അടുത്ത ലോകത്തും ബറക്കത്തുണ്ട്. ഇത് വെറും വാക്കല്ല, മറിച്ച് ഇന്നും നമ്മൾ ഇത് കാണുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلامഇതു പറഞ്ഞ ആ കാലത്ത് മാത്രമുണ്ടായ കാര്യമല്ല ഇത്. ഇന്നും എനിക്ക് അനേകം സംഭവങ്ങൾ അറിയാനാകുന്നുണ്ട്. അല്ലാഹുവിന്റെ മാർഗ ത്തിൽ ചെലവഴിച്ച ശേഷം അല്ലാഹു എങ്ങനെയാണ് തങ്ങളുടെ ധനത്തിൽ ബറക്കത്ത് നല്കുന്നതെന്നും. ഞങ്ങളുടെ ജീവിതത്തിലെ പ്രശ്നങ്ങൾ എങ്ങനെയാണ് നീക്കിക്കളയുന്നതെന്നും ഞങ്ങളുടെ ഈമാൻ എങ്ങനെയാണ് ശക്തിപ്പെടുത്തുന്നതെന്നും പലരും എന്നെ അറിയിക്കുന്നു.

ഞാൻ ചില സംഭവങ്ങൾ കൂടി പങ്കുവയ്ക്കാം: അൽബേനിയയിലെ മുബല്ലിഗ് സാഹിബ് എഴുതുന്നു: ബിലാൽ യൂസുഫ് സാഹിബ് എന്ന ഒരു അൽബേനിയൻ സു


• ഹദീഥുന്നബ്‌വി ﷺ •

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വി ﷺ •

"തഹാദ്ദൂ തഹാബ്ബൂ."
സ്നേഹം വർധിക്കുന്നതിനുവേണ്ടി പരസ്പരം
സമ്മാനങ്ങൾ കൈമാറുവിൻ.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

ഹ്യത്തുണ്ട്. ഒരു സാധാരണക്കാരനും പാവപ്പെട്ടവനുമാണ്. അവിടെ ജൽസ (വാർഷിക സമ്മേളനം) നടക്കുകയായിരുന്നു. അദ്ദേഹം അല്ലാഹുവിന്റെ പ്രീതികാംക്ഷിച്ചുകൊണ്ട്, യാതൊരു പ്രതിഫലേച്ഛയും കൂടാതെ, ഒരാഴ്ചക്കാലം എല്ലാ ദിവസവും രാവിലെ 8 മണി മുതൽ വൈകുന്നേരം 4 മണി വരെ ജൽസയുടെ ജോലികൾ ചെയ്തു. ലോകമെമ്പാടും നമ്മുടെ വളണ്ടിയർമാർ ജൽസകളിൽ ഡ്യൂട്ടി ചെയ്യാറുണ്ട്, എന്നാൽ ചിലർക്ക് പണത്തിന്റെ ആവശ്യമുണ്ടായിട്ടും അവർ വളണ്ടിയർമാരായി സമയം നല്കുന്നു. ചിലർക്ക് അതിന്റെ ആവശ്യമുണ്ടാകില്ല, അവരുടെ ജീവിതം മുന്നോട്ട് പോകുന്നുണ്ടാകാം. എന്തായാലും, അദ്ദേഹം വൈകുന്നേരം 4 മണി വരെ ജോലി ചെയ്യുമായിരുന്നു, എന്നിട്ട് 4 മണിക്ക് ശേഷം തന്റെ ജോലിക്കായി പോകുമായിരുന്നു. ഒരു ദിവസം, അദ്ദേഹം 75 യൂറോ തഹ്‌രീക്കെ ജദീദിന്റെ ചന്ദ ആയി ഒരു കവറിൽ കൊണ്ടുവന്നു. അൽബേനിയ ഒരു ദരിദ്രമായ കിഴക്കൻ യൂറോപ്യൻ രാജ്യമാണ്. അദ്ദേഹം മുറബ്ബി സാഹിബിനോട് പറഞ്ഞു: കുറച്ച് ദിവസങ്ങളായി ഞാൻ ഈ തുക ചന്ദയായി നല്കാൻ വേണ്ടി ശേഖരിച്ചതാണ്. കവറിന് മുകളിൽ അൽബേനിയൻ ഭാഷയിൽ ഇങ്ങനെ എഴുതിയിരുന്നു: വളരെ സന്തോഷത്തോടെ ജമാഅത്തിന്റെ സേവനത്തിനായി സമർപ്പിക്കുന്നു. ഒരുപക്ഷേ, ഈ 75 യൂറോ മറ്റുള്ളവർക്ക് നിസ്സാര സംഖ്യയായി തോന്നിയേക്കാം. എന്നാൽ മുറബ്ബി സാഹിബ് എഴുതുന്നു, ഇത് അദ്ദേഹത്തിന്റെ ശമ്പളത്തിന്റെ 15% ആയിരുന്നു, കൂടാതെ അദ്ദേഹത്തിന് വീട്ടുവാടകയും മറ്റും നല്കേണ്ടതുണ്ടായിരുന്നു.

ഭൗതികവാദികൾക്ക് പറയാം, 75 യൂറോ കൊണ്ടോ കുറച്ച് യൂറോ കൊണ്ടോ ഇവർ ഇസ്‌ലാമിനെ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നു. അതേസമയം ഇസ്‌ലാമിനെ എതിർക്കുന്ന സംഘടനകളുടെയും ഗവൺമെന്റുകളുടെയും കൈവശം ബില്യൺ കണക്കിന് പൗണ്ടുകളുണ്ട്. അവർ ഇസ്‌ലാമിനെതിരെ അത് ചെലവഴിക്കുന്നു. എന്നാൽ, അല്ലാഹു അവരുടെ ഈ ചെറിയ ത്യാഗത്തിൽ പോലും ഇത്രയധികം അനുഗ്രഹം നല്കിയിരിക്കുന്നു, ഈ ത്യാഗം കൊണ്ട് അഹ്‌മദിയ്യാ ജമാഅത്ത് മിഷനുകൾ സ്ഥാപിക്കുന്നു.

75 യൂറോ നല്കുന്നവർ മാത്രമല്ല, അതിലും കുറവ് നല്കുന്നവരും ധാരാളമുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് ഈ ചെറിയ തുകകൾ ഉപയോഗിച്ച് ലോകമെമ്പാടും അതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നു. ഇസ്‌ലാമിന്റെ പ്രചരണം നടത്തുന്നു. ലോകത്ത് പുരോഗതി കൈവരിക്കുന്നു. അത് ബില്യൺ ഡോളർ ചെലവഴിക്കുന്നവരെക്കാൾ എത്രയോ വലുതാണ്.

അതുപോലെ, ചില വളരെ ദരിദ്ര രാജ്യങ്ങളിൽ ത്യാഗത്തിന്റെ കാഴ്ചകൾ കാണാം. ആദ്യകാല ഇസ്‌ലാമിലോ ഹദ്റത്ത് മസീഹ് മൗഊദ് ؑ സാമ്പത്തിക ത്യാഗത്തിന് പ്രോത്സാഹനം നല്കിയപ്പോഴോ, അല്ലെങ്കിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓ തഹ്‌രീക്കെ ജദീദ് പ്രഖ്യാപിച്ചപ്പോഴോ ഉണ്ടായിരുന്നതുപോലുള്ള കാഴ്ചകൾ. ശത്രു സർവസജ്ജരായി നമ്മെ ആക്രമിക്കാൻ ഒരുങ്ങുമ്പോൾ ചെലവഴിക്കുക എന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അതിൽ ആളുകൾ ത്യാഗങ്ങൾ ചെയ്തു. പാവപ്പെട്ട സ്ത്രീകൾ തങ്ങളുടെ കോഴികളും കോഴിമുട്ടകളും വിറ്റ് ചന്ദ നല്കി. ചെറിയ ചെറിയ ത്യാഗങ്ങളായിരുന്നു.

ആ സമയത്ത്, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓ മൂന്ന് വർഷത്തിനുള്ളിൽ 27,000 രൂപ ഇന്ത്യയിൽ നിന്ന് ശേഖരിക്കാൻ പറഞ്ഞു, എന്നാൽ ജമാഅത്ത് ത്യാഗം ചെയ്യുകയും ഒരു വർഷം കൊണ്ട് തന്നെ ഒരു ലക്ഷം രൂപ ശേഖരിക്കുകയും ചെയ്തു. ഇന്നും ദരിദ്ര രാജ്യങ്ങളിൽ നിന്ന് നമുക്ക് ത്യാഗത്തിന്റെ കാഴ്ചകൾ കാണാൻ കഴിയുന്നു.

((ماخوذ از الحکم جلد 25 نمبر 8 مورخہ 21 فروری 1923ء صفحہ 7))
((ماخوذ از تاریخ احمدیت جلد 7 صفحہ 35))

ഇന്തോനേഷ്യയിലെ ജാദി മുസഫ്ഫർ സാഹിബ് എന്ന ഒരു മെമ്പർ പറയുന്നു: അദ്ദേഹത്തിന്റെ ഭാര്യയുടെ അടുത്ത് ജമാഅത്തിലെ ഒരു പ്രായമായ സ്ത്രീ വന്നു. കുറച്ച് വിറകുകെട്ടുകൾ അവർ കൊണ്ടുവന്നു; ഞങ്ങൾ അത് വാങ്ങണം എന്ന ഉദ്ദേശത്തോടെ. അദ്ദേഹം പറയുന്നു: ഞങ്ങൾക്ക് വിറകുകളുടെ ആവശ്യമില്ലായിരുന്നു. ഞങ്ങൾ നേരത്തെ തന്നെ വാങ്ങി വച്ചിരുന്നു. വികസിതമല്ലാത്ത ആ ദരിദ്ര രാജ്യങ്ങളിലെ ചെറിയ പട്ടണങ്ങളിലോ ഗ്രാമങ്ങളിലോ താമസിക്കുന്ന പാവപ്പെട്ടവർ ചിലപ്പോൾ വിറകുകൾ കത്തിക്കാറുണ്ട്. അവിടെ ഗ്യാസ് ലഭ്യമല്ല. അല്ലെങ്കിൽ മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്നുണ്ടാവാം. എന്തായാലും വിറകുകൾ ഇപ്പോഴും ഉപയോഗിക്കാറുണ്ട്. അതുകൊണ്ട് അവർ മറ്റ് സാധനങ്ങളും ഉപയോഗിച്ചിരുന്നതിനാൽ ഞങ്ങൾക്ക് വിറകുകൾ അധികം ആവശ്യമില്ല എന്ന് പറഞ്ഞു. എന്തായാലും ആ പ്രായമായ സ്ത്രീ തലയിൽ വിറകുകെട്ടുകളുമായി വന്നതുകൊണ്ട് അദ്ദേഹത്തിന്റെ ഭാര്യ ദയ തോന്നി വിറകുകൾ വാങ്ങാൻ തീരുമാനിച്ചു. ഇന്തോനേഷ്യൻ രൂപയുടെ മൂല്യം വളരെ കുറവാണ്. അവിടെ ലക്ഷങ്ങളിലാണ് സംസാരിക്കാറുള്ളത്. അതിനാൽ അവർ ആ വിറകുകെട്ട് ഒരു ലക്ഷം രൂപയ്ക്ക് വാങ്ങി. അത് പാകിസ്താനി രൂപയിൽ കുറച്ച് രൂപയ്ക്ക് തുല്യമാകും. എന്തായാലും വാങ്ങിയ ശേഷം അവർ തുക നല്കാൻ തുടങ്ങിയപ്പോൾ ആ പ്രായമായ സ്ത്രീ പറഞ്ഞു: നിങ്ങളിൽ നിന്ന് പണം വാങ്ങി എനിക്കുവേണ്ടി ചെലവഴിക്കാൻ വേണ്ടിയല്ല ഞാൻ വിറകുകൾ കൊണ്ടുവന്നത്. മറിച്ച് ഇത് എനിക്ക് തഹ്‌രീക്കെ ജദീദിന്റെ ചന്ദ നല്കാനുള്ളതായിരുന്നു. ഇതിനെ എന്റെ തഹ്‌രീക്കെ ജദീദിന്റെ ചന്ദയിൽ ഉൾപ്പെടുത്തണം. ആ സ്ത്രീ ലജ്നയുടെ (സ്ത്രീകളുടെ വിഭാഗം) ഒരു ഭാരവാഹി കൂടിയായിരുന്നു. അവർ ആ തുക മുഴുവൻ അവിടെ നല്കി, ഒരു പൈസ പോലും സ്വന്തമായി എടുത്തില്ല.

അതുപോലെ, ഇന്തോനേഷ്യയിൽ നിന്നുള്ള സസിലീൻ സാഹിബ എന്ന ഒരു മെമ്പർ പറയുന്നു: കുറച്ച് വർഷങ്ങൾക്ക് മുമ്പ് അവരുടെ സാമ്പത്തിക സ്ഥിതി വളരെ മോശമായിരുന്നു. അവർക്ക് ഏഴ് വയസ്സുള്ള ഒരു കുട്ടിയുണ്ടായിരുന്നു. രണ്ടാമത്തെ കുട്ടി ഗർഭാവസ്ഥയിലായിരുന്നു. രണ്ടാമത്തെ കുട്ടി ജനിച്ച അതേ സമയത്ത് ഈദ് (പെരുന്നാൾ) അടുത്തുവന്നു. അപ്പോൾ അവരും ഭർത്താവും ആദ്യത്തെ കുട്ടിയും ചേർന്ന് തഹ്‌രീക്കെ ജദീദിന്റെ വാഗ്ദാനം ചെയ്ത തുക 12 ലക്ഷം രൂപ ബാക്കിയുണ്ടായിരുന്നു. (ഞാൻ പറഞ്ഞതുപോലെ അവിടെ രൂപയുടെ മൂല്യം തുലോം കുറവാണ്.) ഇവിടെയും കാണാനാകുന്നത് മുൻഗാമികളിൽ നാം കണ്ടിരുന്ന അതേ വികാരമാണ്.

അവർ പറയുന്നു: ഞങ്ങളുടെ വാഗ്ദാനം 12 ലക്ഷം രൂപയുടേതായിരുന്നു. ഞങ്ങൾ ആ ചന്ദ നല്കാനും ഖലീഫത്തുൽ മസീഹിന് ദുആ ചെയ്യാൻ വേണ്ടി എഴുതാനും ആഗ്രഹിച്ചു. ആ ചന്ദ എങ്ങനെയും അടയ്ക്കാൻ ഞങ്ങൾ പരമാവധി ശ്രമിച്ചു. എന്നാൽ ദാരിദ്ര്യം കാരണം അത് ബുദ്ധിമുട്ടായി തോന്നി. എനിക്ക് വളരെ കുറഞ്ഞ ഒരു ബാങ്ക് അക്കൗണ്ട് ഉണ്ടായിരുന്നു. ഞാൻ നോക്കിയപ്പോൾ അതിൽ 12.5 ലക്ഷം രൂപ ഉണ്ടായിരുന്നു. ഞങ്ങൾ ഇതെല്ലാം നല്കുകയാണെങ്കിൽ പിന്നെ ഞങ്ങൾക്ക് നല്കാൻ ഒന്നും ഉണ്ടാവില്ലായിരുന്നു. എന്തായാലും, 12 ലക്ഷം രൂപ ഭർത്താവിന്റെയും ഭാര്യയുടെയും മൂത്ത കുട്ടിയുടെയും വകയായും, ബാക്കിയുള്ള 50,000 രൂപ ഇളയ കുട്ടിയുടെ വകയായും നല്കാൻ അവർ തീരുമാനിച്ചു. ഞങ്ങൾ അത് നല്കി. അങ്ങനെ പണം തീർന്നു. അവരുടെ കൈവശം ഒന്നും മിച്ചമുണ്ടായിരുന്നില്ല. എന്നാൽ അവർ പറയുന്നു: ഞങ്ങൾക്ക് ദുഃഖം തോന്നിയില്ല. മറിച്ച് വാഗ്ദാനം നിറവേറ്റാൻ കഴിഞ്ഞതിലും ഞങ്ങളുടെ നവജാത ശിശുവിനെ അതിൽ ഉൾപ്പെടുത്താൻ കഴിഞ്ഞതിലും സന്തോഷം തോന്നി.

അവർ പറയുന്നു: അല്ലാഹു എങ്ങനെയാണ് അനുഗ്രഹം ചെ

**• ഹദീഥുന്നബ്‌വി ﷺ •**

**"അൽഅഅ്മാലു ബിൽ ഖവാതീമി"**

**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**

ത്വാലിബെ ദുആ
**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്‌വി ﷺ •**

**"ഊസ്വീക്കും ബിൽജാരി."**

**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

യ്തത് എന്ന് നോക്കൂ. ഒരാഴ്ചയ്ക്ക് ശേഷം അവർക്ക് 1.20 കോടി രൂപയുടെ വരുമാനം ലഭിച്ചു. ഇത് കണ്ടപ്പോൾ, 10 മടങ്ങ് വർദ്ധിപ്പിക്കാമെന്ന് അല്ലാഹു നല്കിയ വാഗ്ദാനം ഈ രീതിയിൽ പൂർത്തിയാക്കി എന്ന് അവർക്ക് ഉറപ്പായി. അല്ലാഹു ഉടൻ തന്നെ തന്റെ വാഗ്ദാനം പൂർത്തിയാക്കി.

അതുപോലെ, ഘാനയിലെ മുബല്ലിഗ് എഴുതുന്നു: ഖലീഫത്തുൽ മസീഹിന്റെ ഖുത്ബകളിലെ വിശ്വാസ വർദ്ധകമായ സംഭവങ്ങൾ ആളുകളെ കേൾപ്പിച്ചപ്പോൾ ഒരു ആഫ്രിക്കൻ ഘാനക്കാരനായ മെമ്പർ തന്റെ പോക്കറ്റിൽ ഉണ്ടായിരുന്ന അവസാനത്തെ പണം പോലും അല്ലാഹുവിന്റെ മാർഗത്തിൽ നല്കി. എന്നാൽ അദ്ദേഹം പറയുന്നു: പള്ളിയിൽ നിന്ന് പുറത്തിറങ്ങിയ ഉടൻ, അദ്ദേഹത്തിന് രണ്ട് ഫോൺ കോളുകൾ ലഭിച്ചു. അത് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഗതി മാറ്റുന്നതായിരുന്നു. അതായത്, രണ്ട് സക്ഷമരായ ഉപഭോക്താക്കൾ അദ്ദേഹവുമായി ബന്ധപ്പെടുകയും, അദ്ദേഹം നല്കിയ തുകയുടെ 20 മടങ്ങ് കൂടുതൽ ലാഭം നേടാൻ കഴിയുന്ന ആകർഷകമായ ജോലിയോ അവസരങ്ങളോ വാഗ്ദാനം ചെയ്യുകയും ചെയ്തു. ഈ അസാധാരണ സംഭവം, അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്യുന്നവർക്ക് അല്ലാഹു എങ്ങനെയാണ് ഉടനടി അതുല്യമായ പ്രതിഫലം നല്കുന്നത് എന്നതിനെക്കുറിച്ചുള്ള ശക്തമായ ഓർമ്മപ്പെടുത്തലാണ്. ഈ സംഭവവും അവരുടെ ഈമാനിൽ വർദ്ധനവിന് കാരണമായി.

അതുപോലെ, കെനിയയിൽ നിന്നുള്ള ഒരു മുഅല്ലിമിന്റെ ഭാര്യ എഴുതുന്നു: അവരുടെ ആദ്യത്തെ കുഞ്ഞിന്റെ ജനനം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അപ്പോൾ നിരവധി സങ്കീർണതകൾ ഉണ്ടായി. അത് കാരണം അവർ വളരെ ആശങ്കയിലായിരുന്നു. ഡോക്ടർമാർ ആശങ്ക പ്രകടിപ്പിക്കുകയായിരുന്നു. അവർ പറയുന്നു: ഞാൻ എന്റെ അവസ്ഥകളും എന്നെ വിഷമിപ്പിക്കുന്ന കാര്യങ്ങളും ഭർത്താവിനോട് പറഞ്ഞു. അദ്ദേഹം പറഞ്ഞു: അല്ലാഹുവിനോട് ദുആ ചെയ്യുക, അല്ലാഹു മാത്രമാണ് നമ്മുടെ ആശ്രയം. നമുക്ക് ഉടനടി ചെയ്യാൻ കഴിയുന്ന ഒരു ത്യാഗം ഇതാണ്: തഹ്രീക്കെ ജദീദിന്റെ വർഷം അവസാനിക്കാറായിരിക്കുന്നു. തഹ്രീക്കെ ജദീദിന്റെ ബാക്കിയുള്ള ചന്ദ അടയ്ക്കുക. അല്ലാഹുവിൽ ഭരമേൽപ്പിക്കുക. അല്ലാഹു അനുഗ്രഹിക്കും. ഈ ആളുകളുടെ ഈമാന്റെ അവസ്ഥ അത്ഭുതകരമാണ്. അവർ പറയുന്നു: ഞാൻ അങ്ങനെ തന്നെ ചെയ്തു. കുറച്ച് ദിവസങ്ങൾക്ക് ശേഷം, അവർ ഒരു സ്വപ്നം കണ്ടു: ഹദ്റത്ത് മസീഹ് മൗഊദ് ﷺവന്നു. അദ്ദേഹം കറുത്ത കോട്ട് ധരിച്ചിരുന്നു. തലയിൽ തലപ്പാവും കയ്യിൽ ഊന്നുവടിയുമുണ്ടായിരുന്നു. അദ്ദേഹം ആ സ്ത്രീയോട് പറഞ്ഞു: നീ വിഷമിക്കേണ്ട, കുഞ്ഞിന്റെ ജനനം സുരക്ഷിതമായിരിക്കും, എന്നാൽ അത് നിന്റെ ഒരു വശത്തുകൂടെയായിരിക്കും. അങ്ങനെ അവർക്ക് കുഞ്ഞ് ജനിച്ചു, എന്നാൽ ഓപ്പറേഷൻ വഴിയായിരുന്നു. അത് വയറിന്റെ ഒരു വശത്ത് നിന്നാണ് ചെയ്തത്. യാതൊരു സങ്കീർണതകളും ഉണ്ടായില്ല.

എന്തായാലും, ഇതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹമാണെന്നും, അവരുടെ ത്യാഗം കാരണമാണ് ഇത് സംഭവിച്ചതെന്നും, അല്ലാഹു ബറക്കത്ത് നല്കിയെന്നും അവർ വിശ്വസിക്കുന്നു. അല്ലെങ്കിൽ ഡോക്ടർമാർ പല ആശങ്കകളും പ്രകടിപ്പിച്ച സമയത്താണ് കുഞ്ഞ് ജനിച്ചത് എന്ന് അവർ പറയുന്നു. ഇങ്ങനെയാണ് അല്ലാഹു വിദൂര സ്ഥലങ്ങളിലെ അഹ്മദികൾക്കും അറിയിപ്പുകൾ നല്കി അവരുടെ ഈമാനെ ശക്തിപ്പെടുത്തുന്നത്. അതോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ് ﷺന്റെ സത്യസന്ധതയെ സ്ഥിരീകരിക്കുകയും ചെയ്യുന്നു.

ഗിനി കൊനാക്രിയിലെ മുബല്ലിഗ് ഇൻചാർജ് സാഹിബ് എഴുതി: ഞാൻ ഖലീഫത്തുൽ മസീഹിന്റെ ഖുത്ബകളിലെ ഈമാൻ വർദ്ധക സംഭവങ്ങൾ കേൾപ്പിക്കുകയായിരുന്നു. ചന്ദകളിൽ ത്യാഗം ചെയ്യണമെന്നും മുന്നോട്ട് വരണമെന്നും ശ്രദ്ധ ക്ഷണിച്ചു. അതുപോലെ, തഹ്രീക്കെ ജദീദിന്റെ വർഷം അവസാനിക്കുന്നതിനാൽ അതിന്റെ പേയ്മെന്റുകൾ അടയ്ക്കുന്നതിനെക്കുറിച്ചും– ബഡ്ജറ്റ് പൂർത്തിയാകുന്നില്ല, അത് പൂർത്തിയാക്കണം എന്ന്– ശ്രദ്ധ ക്ഷണിച്ചു. അതേ വൈകുന്നേരം ഒരാൾ മിഷൻ ഹൗസിൽ വന്നു, മുഹമ്മദ് അൽ–ഹസൻ കോബി സാഹിബ് ഈ കവർ അയച്ചതാണെന്ന് പറഞ്ഞു. കവർ തുറന്നപ്പോൾ അതിൽ 300 യൂറോ ഉണ്ടായിരുന്നു, അത് പ്രാദേശിക കറൻസിയിൽ ഏകദേശം 3 മില്യൺ ഫ്രാങ്കിന് അടുത്തുവരും, അതിലും കൂടുതലാണ്. ഇതിനെത്തുടർന്ന് അദ്ദേഹം കോബി സാഹിബിന് ഫോൺ ചെയ്തു. കവർ അയച്ചത് അദ്ദേഹമാണോ എന്ന് ചോദിച്ചു. കാരണം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ജുമുഅ ഖുത്ബയിൽ ടാർഗറ്റ് പൂർത്തിയായിട്ടില്ല എന്ന് താങ്കൾ പറയുന്നതായി ഞാൻ കേട്ടു. ജുമുഅയ്ക്ക് ശേഷം ഞാൻ എന്റെ ഓഫീസിൽ എത്തിയപ്പോൾ, എന്റെ ഡ്രോയറിൽ ഈ തുക ഉണ്ടായിരുന്നു. അതോടൊപ്പം, ഈ തുകയിൽ നിന്ന് അടയ്ക്കേണ്ട ചെലവുകളുടെ ഒരു നീണ്ട ലിസ്റ്റും ഉണ്ടായിരുന്നു. ഞാൻ ചെലവുകളുടെ ലിസ്റ്റ് ചവറ്റുകുട്ടയിൽ എറിഞ്ഞുകളഞ്ഞു, ഈ തുക താങ്കൾക്ക് തഹ്രീക്കെ ജദീദിന്റെ ചന്ദയിൽ ചേർക്കാൻ വേണ്ടി അയക്കുകയാണ്. അദ്ദേഹം തന്റെ തഹ്രീക്കെ ജദീദിന്റെ ചന്ദ ഇതിനുമുമ്പും നല്കിയിരുന്നു, അത് ഒരു നല്ല സംഖ്യയായിരുന്നു. അതുകൊണ്ട് ആഫ്രിക്കയിൽ താമസിക്കുന്നവരുടെയും ത്യാഗത്തിന്റെ അത്ഭുതകരമായ സംഭവങ്ങളുണ്ട്. ഈ കാര്യങ്ങൾ തീർച്ചയായും അവരുടെ ഹൃദയങ്ങളിൽ ഈമാന്റെ അവസ്ഥ സൃഷ്ടിക്കുന്നു. അല്ലെങ്കിൽ അല്ലാഹു മാത്രമാണ് അത് സൃഷ്ടിക്കുന്നത്. കാരണം, ഇത് മനുഷ്യന്റെ കാര്യമല്ല. അല്ലാഹു ഈ രീതിയിൽ വർദ്ധിപ്പിച്ച് നല്കുന്നു എന്ന് അവർക്ക് ഈ അനുഭവങ്ങൾ ഉണ്ടാകുന്നു, അതുകൊണ്ടാണ് അവർ പിന്നെയും ത്യാഗം ചെയ്യുന്നത്.

സംഭവങ്ങൾ ധാരാളമുണ്ട്, എല്ലാം വിവരിക്കാൻ പ്രയാസമാണ്. ഞാൻ തിരഞ്ഞെടുത്ത ചിലത് പോലും വിവരിക്കാൻ എനിക്ക് കഴിയില്ല. എന്തായാലും, കുറച്ച് ഞാൻ വിവരിക്കാം.

തഹ്രീക്കെ ജദീദിന്റെ ഇൻസ്പെക്ടർ തെലങ്കാനയിലെ ഒരാളെക്കുറിച്ച് എഴുതുന്നു. ഹൈദരാബാദിലെ ഒരിടത്തുള്ള ആളാണ് അദ്ദേഹം. അദ്ദേഹത്തിന്റെ വാഗ്ദാനം 7,000 രൂപ ആയിരുന്നു, എന്നാൽ ജോലി നഷ്ടപ്പെട്ടതിനാൽ അദ്ദേഹത്തിന് അത് അടയ്ക്കാൻ കഴിഞ്ഞില്ല. അടുത്ത വർഷത്തേക്ക് അദ്ദേഹം 10,000 രൂപ വാഗ്ദാനം എഴുതി നല്കി. കഴിഞ്ഞ വർഷത്തെ വാഗ്ദാനം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ എന്തിനാണ് ഈ വർഷം വർദ്ധിപ്പിച്ചു നല്കുന്നതെന്ന് അദ്ദേഹത്തോട് ചോദിച്ചപ്പോൾ, അദ്ദേഹം മറുപടി പറഞ്ഞു: അല്ലാഹു തന്നെ അതിനുള്ള സൗകര്യമുണ്ടാക്കിത്തരും. എനിക്ക് ഉറപ്പുണ്ട്. കാരണം ഞാൻ അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടിയാണ് നല്കുന്നത്. അങ്ങനെ, കുറച്ച് ദിവസങ്ങൾക്കകം അദ്ദേഹത്തിന് മുമ്പത്തേക്കാൾ മെച്ചപ്പെട്ട ജോലി ലഭിച്ചു. അദ്ദേഹം കഴിഞ്ഞ രണ്ട് വർഷത്തെയും ചന്ദ അടച്ചു. പുതിയ സാമ്പത്തിക വർഷത്തിൽ അദ്ദേഹം തന്റെ വാഗ്ദാനം 7,000–ത്തിന് പകരം 30,000 രൂപയായി വർദ്ധിപ്പിച്ചു നല്കുകയും അത് അടച്ചു തീർക്കുകയും ചെയ്തു. ഇപ്രകാരം അല്ലാഹു അദ്ദേഹത്തിന്റെ സദ്ഭാവന കാരണം അനുഗ്രഹിച്ചു.

അതുപോലെ, ഇന്തോനേഷ്യയിൽ നിന്നുള്ള മറ്റൊരു ഉദാഹരണമുണ്ട്.

വിചിത്രമായ സംഭവങ്ങളാണ് നടക്കുന്നത്, എന്നാൽ അതൊന്നും യാദൃശ്ചികമല്ല. കാരണം, ആർക്കാണോ ഇത് സംഭവിക്കുന്നത്, അവർ ഏത് സാഹചര്യത്തിലാണ് ത്യാഗം ചെയ്യുന്നതെന്നും, ഏത് അവസ്ഥയിലാണ് അവർക്ക് ത്യാഗം ചെയ്യാനുള്ള ചിന്ത വന്നതെന്നും, തുടർന്ന് അല്ലാഹുവിന്റെ ശക്തി അവർ എങ്ങനെ കണ്ടുവെന്നും അവർക്കറിയാം.

എന്തായാലും, അദ്ദേഹം എഴുതുന്നു: വളരെ ആത്മാർഥതയുള്ള ഒരു അഹ്മദി സുഹൃത്ത്, ബഹാദുർ ജാൻ സാഹിബ് കുറച്ചുകാലം മുമ്പ് ഒരു ടാക്സി കമ്പനിയിൽ നിന്ന് തന്റെ ജോലി തുടരുന്നതിനായി ഒരു കാർ വാങ്ങി. അദ്ദേഹം ടാക്സി ഓടിക്കുന്നയാളാണ്. അദ്ദേഹം പറയുന്നു, കാർ വാങ്ങിയ ശേഷം ട്രാഫിക് പോലീസ് ഓഫീസിൽ കാർ രജിസ്റ്റർ ചെയ്യാൻ പോയപ്പോൾ, ആ കാർ രജിസ്റ്റർ ചെയ്യരുത് എന്ന് കോടതി ഉത്തരവിട്ടിട്ടുണ്ട് എന്ന് അവർ പറഞ്ഞു. കാർ വാങ്ങുമ്പോൾ താൻ എല്ലാം പരിശോധിച്ചിരുന്നുവെന്നും എല്ലാം നിയമപരമായിരുന്നുവെന്നും അദ്ദേഹം പറയുന്നു. എന്നാൽ പിന്നീട്, ആ ടാക്സി കമ്പനി കടക്കെണിയിലായിരുന്നുവെന്നും, അതിനാൽ കോടതി ആ കമ്പനിക്ക് കാറുകൾ വിൽക്കുന്നതിൽ വിലക്ക് ഏർപ്പെടുത്തിയിരുന്നുവെന്നും തനിക്ക് മനസ്സിലായി. അപ്പോൾ കമ്പനിയുടെ 35 കാറുകളും നിരോധിക്കപ്പെട്ടിരുന്നു. കമ്പനിയുടെ മുൻ ഉടമകൾ തന്നോട് പറഞ്ഞു: ഞങ്ങൾ കോടതിയിൽ കേസ് കൊടുത്തിട്ടുണ്ട്. തീരുമാനം വരുന്നതുവരെ നിങ്ങൾ കാത്തിരിക്കുക. ഇൻ ശാ അല്ലാഹ് താങ്കൾക്ക് കാർ ലഭിക്കും. അദ്ദേഹം സമ്മതിച്ചു. അദ്ദേഹം പറയുന്നു: ആ സമയത്ത് എന്റെ തഹ്രീക്കെ ജദീദിന്റെ ചന്ദ അടയ്ക്കേണ്ടതുണ്ടായിരുന്നു. ഞാൻ ചിന്തിച്ചു,

പേജ് 12 ൽ നിന്ന്



ഈ ദുനിയാവിന്റെ (ലോകത്തിന്റെ) ചിന്തകളിൽ മുഴുകി എന്റെ ചന്ദ മുടങ്ങരുത്. അതുകൊണ്ട്, ആദ്യം എന്റെ ചന്ദ അടയ്ക്കാം. അദ്ദേഹം പറയുന്നു: ഞാൻ ഉടൻ തന്നെ തഹ്‌രീക്കെ ജദീദിന്റെയും വഖ്ഫെ ജദീദിന്റെയും ചന്ദ അടച്ചു.

കുറച്ച് ദിവസങ്ങൾക്ക് ശേഷം അദ്ദേഹം അതേ കമ്പനിയുടെ വെബ്സൈറ്റിൽ പരിശോധിച്ചു. അപ്പോൾ അത്ഭുതകരമെന്നു പറയട്ടെ, അദ്ദേഹം വാങ്ങിയ ആ കാറിന്റെ മേലുള്ള വിലക്ക് നീങ്ങിയിരുന്നു! അദ്ദേഹം പറയുന്നു: എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല, ഒരുപക്ഷേ എനിക്ക് തെറ്റിപ്പോയതാകാം. അതിനാൽ അദ്ദേഹം ഇൻസ്പെക്ടറുടെ അടുത്ത് പോയി. അദ്ദേഹം പരിശോധിച്ചു പറഞ്ഞത്: 35 കാറുകളിൽ നിന്ന് ഒരെണ്ണത്തിന്റെ വിലക്ക് മാത്രമാണ് നീങ്ങിയത്. ബാക്കി 34 കാറുകളുടെ വിലക്ക് നീങ്ങുന്നത് കോടതിയുടെ തീരുമാനത്തെ ആശ്രയിച്ചിരിക്കുന്നു. ആ കാർ അദ്ദേഹം വാങ്ങിയ അതേ കാറായിരുന്നു.

ദൈവത്തിന്റെ അനുഗ്രഹത്താൽ, അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചതിന്റെ ഫലമായി, ഈ അനുഗ്രഹം ലഭിച്ചു. ഉടൻ തന്നെ അല്ലാഹു എന്നെ പ്രതിഫലം നല്കി അനുഗ്രഹിച്ചു. അഹ്‌മദികളെ അല്ലാഹു എങ്ങനെയാണ് അനുഗ്രഹിക്കുന്നത് എന്നതിന് എന്റെ കണ്ണുകൾ നേരിട്ട് സാക്ഷ്യം വഹിച്ചിരിക്കുന്നു എന്ന് അദ്ദേഹം പറയുന്നു.

മാലിയിലെ സ്കാസോ റീജിയണിലെ മുബല്ലിഗ് എഴുതുന്നു: അല്ലാഹു വിചിത്രമായ രീതിയിലാണ് നവാഗതരായ അഹ്‌മദികളെ പരിശീലിപ്പിക്കുന്നത്, അവരെ സാമ്പത്തിക ത്യാഗത്തിലേക്ക് ആകർഷിക്കുന്നു. നഗരത്തിലെ ഒരു നവാഗതനായ മൂസാ സാഹിബ് ഒരു മില്യൺ ഫ്രാങ്ക് സീഫ കൊണ്ടുവന്നു. എന്നിട്ട് അപേക്ഷിച്ചു: ഇതിൽ നിന്ന് അഞ്ച് ലക്ഷം എന്റെ വീടിന്റെ ഹിസ്സ ജായിദാദ്, നാല് ലക്ഷം വസിയ്യത്തിന്റെ ചന്ദ, ഒരു ലക്ഷം തഹ്‌രീക്കെ ജദീദിന്റെയും വഖ്ഫെ ജദീദിന്റെയും ഇനത്തിലും എടുക്കുക. ഈ സംഖ്യയെക്കുറിച്ച് അദ്ദേഹത്തോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: കുറച്ചുകാലമായി ഞാൻ പല ഭൗതിക പദ്ധതികൾക്കായി ഈ തുക ശേഖരിക്കുകയായിരുന്നു. എന്റെ മുഴുവൻ ശ്രദ്ധയും പ്രാർഥനയും ഈ പദ്ധതികൾ നേടുന്നതിലായിരുന്നു. എന്നാൽ അദ്ദേഹം പറയുന്നു: 'ഇന്നലെ രാത്രി തഹജ്ജുദ് നമസ്കരിച്ച ശേഷം ഞാൻ കിടന്നപ്പോൾ ഒരു സ്വപ്നം കണ്ടു. ശുഭ്രധാരികളായ മൂന്ന് പേർ എന്റെ അടുത്ത് വന്നു. അവരിൽ ആദ്യത്തെയാൾ എന്നോട് പറഞ്ഞു: നീ ഒരു അഹ്‌മദിയായിരുന്നിട്ടും, മുഴുവൻ ശ്രദ്ധയും ഭൗതിക കാര്യങ്ങളിലാണ് വയ്ക്കുന്നത്. (അല്ലാഹു എങ്ങനെയാണ് തർബിയത്ത് നല്കുന്നത്!) പരലോകത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കുന്നതാണ് താങ്കൾക്ക് നല്ലത്'. അതിനുശേഷം രണ്ടാമത്തെയാൾ പറഞ്ഞു: ഇതുവരെ താങ്കൾ വീടിന്റെ ഹിസ്സ ജായിദാദ് അടച്ചിട്ടില്ല, അതിനാൽ വീടിന്റെ ഓഹരി അടയ്ക്കുക. അതിനുശേഷം മൂന്നാമത്തെയാൾ എന്നോട് പറഞ്ഞു: താങ്കളുടെ അക്കൗണ്ടിൽ നാല് മില്യൺ ഉണ്ട്, അതിന്റെ വസിയ്യത്ത് ചന്ദയും ഉടൻ അടയ്ക്കുക. അതുകൊണ്ട്, ഒരു അഹ്‌മദി എന്ന നിലയിൽ, അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് മാർഗനിർദേശം ലഭിച്ച ശേഷം, ഈ സംഖ്യ മറ്റൊരു കാര്യത്തിനായി ഉപയോഗിക്കുന്നത് എനിക്ക് അനുവദനീയമല്ല. താങ്കൾ ഈ സംഖ്യ വിവിധ ചന്ദ ഇനങ്ങളിലേക്ക് എടുക്കുക. ഇത്തരം സംഭവങ്ങൾ കാണുമ്പോൾ ആ ആളുകളുടെ ഈമാൻ മാത്രമല്ല നമ്മുടെ പഴയ അഹ്‌മദികളുടെയും ഈമാൻ ശക്തിപ്പെടുന്നു. അല്ലാഹു എങ്ങനെയാണ് ഈ ആളുകൾക്ക് മാർഗനിർദേശം നല്കുന്നത് എന്ന് നമ്മളും ചിന്തിക്കണം. എതിരാളികൾ പറയുന്നു: ഇതൊരു കള്ളവാദമാണ്, കള്ളപ്രവാചകനാണ്, കള്ളപ്രചാരണമാണ്, കച്ചവടമാണ്. എന്നാൽ അല്ലാഹു ഇപ്രകാരമാണ് മാർഗനിർദേശം നല്കുന്നത്. ദൂരദേശങ്ങളിൽ ഇരിക്കുന്ന കുറച്ച് കാലം മുമ്പ് മാത്രം ബൈഅത്ത് ചെയ്ത ഒരുപക്ഷേ ഖലീഫയെ എം.ടി.എ. അല്ലാതെ ഒരിക്കലും കാണുകയോ കണ്ടുമുട്ടുകയോ ചെയ്യാത്ത ആളുകൾ വസിയ്യത്ത് പോലും ചെയ്തിരിക്കുന്നു. ഒരുപക്ഷേ അവർ ജമാഅത്തിന്റെ സാഹിത്യം പൂർണമായി വായിച്ചിട്ടുണ്ടാവില്ല. മിക്കവാറും ആളുകൾ വായിച്ചു കാണില്ല, പക്ഷേ അടിസ്ഥാനപരമായ കാര്യങ്ങൾ എന്തായാലും വായിച്ചിരിക്കും. എന്നിട്ടും അല്ലാഹു അവരുടെ ഈമാൻ ഈ രീതിയിൽ ശക്തിപ്പെടുത്തുന്നു, അവർ ത്യാഗം ചെയ്യുമ്പോൾ, അല്ലാഹു അവരുടെ ത്യാഗങ്ങൾ സ്വീകരിക്കുകയും അവർക്ക് മാർഗനിർദേശം നല്കുകയും ചെയ്യുന്നു. ഇനിയും ധാരാളം സംഭവങ്ങളുണ്ട്, തൽക്കാലം ഞാൻ അതെല്ലാം വിടുകയാണ്. ഇതൊരു നീണ്ട പട്ടികയാണ്. എന്തായാലും, ഈ വർഷം ജമാഅത്തിന് ലഭിച്ച അല്ലാഹുവിന്റെ അനുഗ്രഹങ്ങളെക്കുറിച്ചും, ജമാഅത്തിലെ അംഗങ്ങൾ നൽകിയ ത്യാഗങ്ങളെക്കുറിച്ചും, ജമാഅത്തുകളിൽ നിന്ന് ലഭിച്ച ത്യാഗങ്ങളെക്കുറിച്ചുള്ള വിവരങ്ങളെക്കുറിച്ചും ഞാൻ സംക്ഷിപ്തമായി കേൾപ്പിക്കാം.

ഇവയെല്ലാം അല്ലാഹുവിന്റെ ഔദാര്യങ്ങളാണ്. അത് നമ്മൾ എപ്പോഴും ഓർമിക്കേണ്ടതുണ്ട്. പുതിയതായി വരുന്നവരിലും പഴയവരിലും തർബിയ്യത്തിന്റെ കാര്യത്തിൽ അല്ലാഹു എങ്ങനെയാണ് ത്യാഗത്തിലേക്ക് ശ്രദ്ധിക്കുന്ന വികാരങ്ങൾ സൃഷ്ടിക്കുന്നത് എന്ന് നമ്മൾ കാണണം. എന്തായാലും, ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള ഈ വർഷത്തെ റിപ്പോർട്ട് അനുസരിച്ച്, ആദ്യമായി, തഹ്‌രീക്കെ ജദീദിന്റെ 91-ാം വർഷം അവസാനിച്ചു, ഞാൻ പ്രഖ്യാപിക്കുന്ന 92-ാം വർഷം ഇന്ന് ആരംഭിച്ചിരിക്കുന്നു. ഈ വർഷം, അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ജമാഅത്തിന് 19.55 മില്യൺ പൗണ്ടിന്റെ ത്യാഗം സമർപ്പിക്കാൻ തൗഫീഖ് ലഭിച്ചു. ഇത് കഴിഞ്ഞ വർഷത്തേക്കാൾ ഏകദേശം 1.5 മില്യൺ (15 ലക്ഷം 64 ആയിരത്തിലധികം) പൗണ്ട് കൂടുതലാണ്.

മൊത്തം വരുമാനത്തിന്റെ കാര്യത്തിൽ പാകിസ്ഥാൻ ഒഴികെയുള്ള ജമാഅത്തുകൾ കണക്കാക്കുന്നതിൽ, പൊതുവിൽ ലോകത്ത് ഒന്നാം സ്ഥാനത്ത് നിലവിൽ ജർമ്മനി തന്നെയാണ്. രണ്ടാം സ്ഥാനത്ത് യു.കെ. ആണ്.

യു.കെ. ഈ വർഷം അസാധാരണമായ വരുമാനം നേടിയിട്ടുണ്ട്. ജർമനിക്ക് വളരെ അടുത്തായി എത്തി. എന്റെ അഭിപ്രായത്തിൽ അടുത്ത വർഷവും ഇതേ പുരോഗതിയാണെങ്കിൽ അവർ മുന്നോട്ട് പോയേക്കാം. അതുപോലെ, യു.എസ്.എ യും അസാധാരണമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. അതുപോലെ കാനഡയും കഴിഞ്ഞ വർഷത്തേക്കാൾ അസാധാരണമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. പിന്നെ ഇന്ത്യയുണ്ട്, അവരും കഴിഞ്ഞ വർഷത്തേക്കാൾ നല്ല വർദ്ധനവ് വരുത്തി. ഓസ്ട്രേലിയ അസാധാരണമായ വർദ്ധനവ് വരുത്തി. ഇന്തോനേഷ്യയും അതുപോലെ. പിന്നെ മിഡിൽ ഈസ്റ്റിലെ ജമാഅത്തുകളുണ്ട്, പിന്നെ ഘാന ഉണ്ട്. ഘാനയും ഈ വർഷം


• ഹദീഥുന്നബ്‌വി ﷺ •



**മരിച്ചവരെ ചീത്ത പറയരുത്,**
**എന്തുകൊണ്ടെന്നാൽ അവർ മുമ്പേ**
**അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
**(ബുഖാരി 23:77)**

ത്വാലിബെ ദുആ

**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091



• ഹദീഥുന്നബ്‌വി ﷺ •

**"അത്തഅ്സിയത്തു മർറത്തുൻ."**
**അനുശോചനം ഒറ്റത്തവണ മതി.**

ത്വാലിബെ ദുആ

**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM



• ഹദീഥുന്നബ്‌വി ﷺ •

**"അദ്ദുആഉ ഹുവൽ ഇബാദത്തു."**
**ദുആ തന്നെയാണ് യഥാർഥ ആരാധന**

ത്വാലിബെ ദുആ

**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

ത്യാഗത്തിൽ വലിയ വർദ്ധനവ് വരുത്തി. ശ്രദ്ധേയമായ വർദ്ധനവ് വരുത്തിയവരിൽ മൗറീഷ്യസും ഹോളണ്ടും ഉൾപ്പെടുന്നു.

മൊത്തത്തിലുള്ള പ്രകടനത്തിന്റെ കാര്യത്തിൽ, സ്ഥാനം നേടിയിട്ടില്ലെങ്കിലും നല്ല പ്രവർത്തനം കാഴ്ചവച്ച ജമാഅത്തുകളിൽ ബെൽജിയം, സ്വീഡൻ, ഫ്രാൻസ്, ഹോളണ്ട് (മുമ്പ് പരാമർശിച്ചു), കബാബീർ, ബംഗ്ലാദേശ്, ബുർക്കിനാ ഫാസോ (അവിടെ സ്ഥിതി വളരെ മോശമാണ്), ന്യൂസിലാൻഡ്, സിയറ ലിയോൺ, ബെനിൻ, മാലി (മാലിയിലും സ്ഥിതി മോശമാണ്, തീവ്രവാദികളുടെ ആക്രമണങ്ങൾ ഉണ്ടാകാറുണ്ട്), നൈജർ, തുർക്കി, ജോർജിയ, മിഡിൽ ഈസ്റ്റിലെ ജമാഅത്തുകൾ, ഓസ്ട്രേലിയ എന്നിവ ഉൾപ്പെടുന്നു.

ആഫ്രിക്കയിൽ മൊത്തം വരുമാനത്തിന്റെ കാര്യത്തിൽ ആദ്യത്തെ അഞ്ച് ജമാഅത്തുകൾ: ഒന്നാം സ്ഥാനത്ത് ഘാന, പിന്നെ മൗറീഷ്യസ്, പിന്നെ നൈജീരിയ, പിന്നെ ബുർക്കിനാ ഫാസോ, പിന്നെ ടാൻസാനിയ. കൂടാതെ മറ്റുള്ളവരും ഉണ്ട്. പങ്കെടുത്തവരുടെ ആകെ എണ്ണം 17 ലക്ഷം വരെയാണ്. ഈ വർഷത്തെ റിപ്പോർട്ട് അനുസരിച്ച്, ദഫ്തർ ഷഷമിൽ (ആറാം ലഡ്ജർ), രണ്ട് വർഷം മുമ്പ് പ്രഖ്യാപിച്ച ആറാമത്തെ ലഡ്ജറിൽ, ചേർന്നവരുടെ എണ്ണം 43,588 ആണ്.

പുതിയതായി തഹ്‌രീക്കെ ജദീദിൽ ചേരുന്നവരെ ആറാം ലഡ്ജറിൽ എണ്ണണമെന്നും അതിന്റെ റിപ്പോർട്ട് വക്കാലത്ത് മാൽ (സാമ്പത്തിക ഓഫീസ്) ലേക്ക് അയക്കണമെന്നും ജമാഅത്തുകൾ ശ്രദ്ധിക്കണം.

ജർമനിയിലെ ആദ്യത്തെ പത്ത് ജമാഅത്തുകൾ ഇവയാണ്: റോഡ്ഗാ (Rodgau), ഓസ്നാബ്രൂക്ക് (Onsabruck), പിന്നെബെർഗ് (Pinneberg), നിഡാ (Nidda) ഫ്ളോർസ്ഹൈം (Florsheim), റോഡർമാർക്ക് (Rodermark), , ബ്രെമെൻ, ന്യൂവീഡ്, ഫ്രൈഡ്ബെർഗ് മിറ്റെ, കോബ്ലെൻസ്, പത്ത് ഇമാറത്തുകൾ (റീജിയണുകൾ) ഇവയാണ്: ഹാംബുർഗ് (Hamburg), ഫ്രാങ്ക്ഫർട്ട് (Frankfurt), ഗ്രോസ്-ഗെരൗ (Gross-Gerau), വിസ്ബാഡൻ (Wiesbaden), റീഡ്സ്റ്റാഡ് (Riedstadt), മാൻഹൈം (Mannheim), ഡീറ്റ്സെൻബാഖ് (Dietzenbach), മോർഫെൽഡൻ വാൾഡോർഫ് (Morfelden Walldorf), റസ്സൽസ്ഹൈം, ഡാർമ്ഷ്ടാഡ് (Darmstadt).

യു.കെ.-യിലെ ആദ്യത്തെ അഞ്ച് റീജിയണുകൾ ഇവയാണ്: നമ്പർ 1 ഇസ്ലാമാബാദ്, പിന്നെ ബൈത്തുൽ ഫുതൂഹ്, പിന്നെ മസ്ജിദ് ഫദ്ൽ, പിന്നെ ബൈത്തുൽ എഹ്സാൻ, പിന്നെ നോർത്ത് ഈസ്റ്റ്. വലിയ പത്ത് ജമാഅത്തുകൾ ഇവയാണ്: ഇസ്ലാമാബാദ് (നമ്പർ 1), പിന്നെ ആഷ് (Ash), പിന്നെ വോർസെസ്റ്റർ പാർക്ക് (Worcester Park), സൗത്ത് ചീം (South Cheam), വാൾസാൽ (Walsall), ഫാർൺഹാം നോർത്ത് (Farnham Nor-th), ആൾഡർഷോട്ട് സൗത്ത് (Aldershot South), മസ്ജിദ് ഫദ്ൽ, ഫാർൺഹാം സൗത്ത്, യൂവൽ (Ewell),

നല്ല രീതിയിൽ പ്രവർത്തിച്ച ചെറിയ ജമാഅത്തുകൾ: എലിമെന്റ്സ് പാർക്ക്, സ്പിൻ വാലി, കീത്ത്ലി, ഫ്രണ്ട്‌വുഡ്, ജാമിഅ യു.കെ.

യു.എസ്.എ.-യിലെ ആദ്യത്തെ പത്ത് ജമാഅത്തുകൾ: നോർത്ത് വിർജീനിയ, മേരിലാൻഡ് (Maryland), ലോസ് ഏഞ്ചൽസ് (Los Angeles), സിയാറ്റിൽ (Seattle), ചിക്കാഗോ (Chicago), ഡാലസ്, സിലിക്കൺ വാലി (Silicon Valley) , നോർത്ത് ജേഴ്സി, സൗത്ത് വിർജീനിയ (South Virginia), സെൻട്രൽ ജേഴ്സി, ബാൾട്ടിമോർ, ഡിട്രോയിറ്റ് (Detroit), കാനഡയിലെ ലോക്കൽ ഇമാറത്തുകൾ: വോൺ (Vaughan), പിന്നെ കാൽഗറി (Calgary), പിന്നെ പീസ് വില്ലേജ് (Peace Village), പിന്നെ വാൻകൂവർ (Vancouver), ടൊറന്റോ വെസ്റ്റ്, പിന്നെ ബ്രാംപ്ടൺ ഈസ്റ്റ് (Brampton East), മിസ്സിസ്സാഗ.

വരുമാനത്തിന്റെ കാര്യത്തിൽ കാനഡയിലെ ശ്രദ്ധേയമായ ജമാഅത്തുകൾ: ഹാമിൽട്ടൺ മൗണ്ടൻ, ഹാമിൽട്ടൺ, എഡ്മന്റൺ വെസ്റ്റ്, ഹദീഖ അഹ്മദ്, ഒട്ടാവ ഈസ്റ്റ്, ഒട്ടാവ വെസ്റ്റ്, വിന്നിപെഗ്, റെജീന, വുഡ്ബ്രിഡ്ജ്, യെല്ലോനൈഫ്.

പാകിസ്ഥാനിൽ പൊതുവായി വരുമാനത്തിന്റെ കാര്യത്തിൽ ഒന്നാം സ്ഥാനത്ത് ലാഹോർ, രണ്ടാം സ്ഥാനത്ത് റബ്‌വ, മൂന്നാം സ്ഥാനത്ത് കറാച്ചി. ജില്ലാ തലത്തിൽ: ഇസ്ലാമാബാദ് നമ്പർ 1 ആണ്, പിന്നെ ഫൈസലാബാദ്, പിന്നെ സിയാൽകോട്ട്, പിന്നെ സർഗോധ, ഉമർകോട്ട്, നരോവാൽ, മിർപൂർ ഖാസ്, റഹീം യാർ ഖാൻ, ടോബ ടേക്ക് സിംഗ്, ലേഹ്. പാകിസ്ഥാനിലെ കൂടുതൽ ത്യാഗം ചെയ്ത നഗര ജമാഅത്തുകൾ: ഇമാറത്ത് ടൗൺഷിപ്പ് ലാഹോർ, ഇമാറത്ത് ഡിഫൻസ് ലാഹോർ, അമീറത്ത് ദാറുസ്സിക്ര് ലാഹോർ, ഇമാറത്ത് അല്ലാമ ഇഖ്ബാൽ ടൗൺ ലാഹോർ, ഇമാറത്ത് ബൈത്തുൽ ഫദ്ൽ ഫൈസലാബാദ്, ബഹാവൽനഗർ, ക്വറ്റ, ബഹാവൽപൂർ, ലോധ്രാൻ, സാഹിവാൽ.

ഇന്ത്യയിലെ ആദ്യത്തെ പത്ത് സംസ്ഥാനങ്ങൾ ഇവയാണ്: കേരളം, തമിഴ്നാട്, തെലങ്കാന, ഒഡീഷ, ജമ്മു കശ്മീർ, കർണാടക, പഞ്ചാബ്, ബംഗാൾ, മഹാരാഷ്ട്ര, ഡൽഹി,

ത്യാഗത്തിന്റെ കാര്യത്തിൽ ആദ്യത്തെ പത്ത് ജമാഅത്തുകൾ: ഹൈദരാബാദ്, കോയമ്പത്തൂർ (തമിഴ്നാട്), പിന്നെ ഖാദിയാൻ, കോഴിക്കോട് (കാലിക്കട്ട്), മേലപ്പാളയം, മഞ്ചേരി (കേരളം), ബാംഗ്ലൂർ, കേരംഗ്, കൊൽക്കത്ത, കരുളായി.

ഓസ്ട്രേലിയയിലെ പത്ത് ജമാഅത്തുകൾ ഇവയാണ്: നമ്പർ 1 മെൽബൺ ലാങ്വാറിൻ (Melbourne Langwarrin), മെൽബൺ ബെർവിക്ക് (Melbourne Berwick), മാർസ്ഡൻ പാർക്ക, പെൻരിത്ത് (Penrith), മെൽബൺ വെസ്റ്റ, കാസിൽ ഹിൽ, അഡ്ലെയ്ഡ് വെസ്റ്റ് (Adelaide West), മെൽബൺ ക്ലൈഡ്, പെർത്ത്, മെൽബൺ ഈസ്റ്റ്.

ഞാൻ സൂചിപ്പിച്ചതുപോലെ 92-ാം വർഷം ആരംഭിച്ചു, ദഫ്തർ അവ്വലിന്റെ (ഒന്നാം ലഡ്ജർ) 92-ാം വർഷം, അതിന്റെ പഴയ അക്കൗണ്ടുകൾ തുടരുന്നു. ദഫ്തർ ദോമിന്റെ (രണ്ടാം ലഡ്ജർ) 82-ാം വർഷം, ദഫ്തർ സോമിന്റെ (മൂന്നാം ലഡ്ജർ) 61-ാം വർഷം, ദഫ്തർ ചഹാറമിന്റെ (നാലാം ലഡ്ജർ) 41-ാം വർഷം, ദഫ്തർ പഞ്ചമിന്റെ (അഞ്ചാം ലഡ്ജർ) 22-ാം വർഷം, ദഫ്തർ ശശമിന്റെ (ആറാം ലഡ്ജർ) മൂന്നാം വർഷം ഇപ്പോൾ ആരംഭിക്കും. മുമ്പ് ഞാൻ പറഞ്ഞതുപോലെ, പുതിയതായി ചേരുന്നവരെ ദഫ്തർ ശശമിൽ ഉൾപ്പെടുത്തും.

ഹദ്റത്ത് മസീഹ് മൗഊദ് ؑ പറയുന്നു: എന്റെ പ്രിയപ്പെട്ട കൂട്ടുകാരേ, ഞാൻ നിങ്ങൾക്ക് ഉറപ്പ് നല്കുന്നു, അല്ലാഹു എനിക്ക് നിങ്ങളുടെ സഹാനുഭൂതിക്കു വേണ്ടി ഒരു യഥാർഥ ആവേശം നല്കിയിട്ടുണ്ട്, നിങ്ങളുടെ വിശ്വാസത്തിന്റെയും അറിവിന്റെയും വർദ്ധനവിനായി ഒരു യഥാർഥ ജ്ഞാനം എനിക്ക് നൽകിയിട്ടുണ്ട്. ഈ ജ്ഞാനം നിങ്ങൾക്കും നിങ്ങളുടെ സന്തതികൾക്കും അത്യാവശ്യമാണ്. അതുകൊണ്ട്, ഞാൻ സജ്ജനായി നിൽക്കുന്നു. നിങ്ങൾ നിങ്ങളുടെ നല്ല ധനത്തിൽ നിന്ന്, അതായത് നിങ്ങളുടെ പരിശുദ്ധമായ ധനത്തിൽ നിന്ന്, നിങ്ങളുടെ ദീനി കാര്യങ്ങൾക്കായി സഹായം നല്കുക. അല്ലാഹു ഒരാൾക്ക് എത്രത്തോളം കഴിവ് നല്കിയിട്ടുണ്ടോ, അത്രത്തോളം ആ മാർഗത്തിൽ മടികാണിക്കാതിരിക്കുക. അല്ലാഹുവിനും റസൂലിനും ഉപരിയായി നിങ്ങളുടെ ധനത്തെ കണക്കാക്കരുത്. എന്നിട്ട് എനിക്ക് കഴിയുന്നിടത്തോളം അല്ലാഹുവിന്റെ പരിശുദ്ധാത്മാവ് എനിക്ക് നല്കിയിട്ടുള്ള ആ അറിവുകളെയും അനുഗ്രഹങ്ങളെയും ഏഷ്യയിലും യൂറോപ്പിലുമുള്ള രാജ്യങ്ങളിൽ എന്റെ രചനകളിലൂടെ ഞാൻ പ്രചരിപ്പിക്കാം.

• ഹദീഥുന്നബ്‌വി ﷺ •

"അൽഅയ്മനു ഫൽ അയ്മനു."
വലതു ഭാഗത്തുള്ളവൻ വലതുഭാഗത്തുള്ളവൻതന്നെ.

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്‌വി ﷺ •

"അദ്ദുൻയാ മസ്റഅത്തുൽ ആഖിറ."
ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാണ്.




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

(ازالہ اوہام حصہ دوم، روحانی خزائن جلد 3 صفحہ 516)

അതുകൊണ്ട്, ഹദ്റത്ത് മസീഹ് മൗഊദ് عليه السلامനെ അല്ലാഹു ഏൽപ്പിച്ച ദൗത്യം പൂർത്തിയാക്കേണ്ടത് നമ്മുടെ കടമയാണ്. ഈ സാമ്പത്തിക ത്യാഗങ്ങൾ കാരണം, ഏഷ്യ, യൂറോപ്പ്, അമേരിക്ക, ആഫ്രിക്ക, അറബ് രാജ്യങ്ങൾ, സൗത്ത് അമേരിക്കൻ രാജ്യങ്ങൾ, ദ്വീപുകൾ എന്നിവിടങ്ങളിലെല്ലാം ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുന്നു.

ഇവിടെ യൂറോപ്പിലിരിക്കുന്നവരുടെ സാമ്പത്തിക ത്യാഗങ്ങൾ മാത്രമല്ല, അവിടുത്തെ ആളുകളും, ഞാൻ ഉദാഹരണങ്ങൾ നൽകിയതുപോലെ, സാമ്പത്തിക ത്യാഗങ്ങളിൽ വളരെ അധികമായി പങ്കുചേരുന്നുണ്ട്. അല്ലാഹു അവരുടെ ത്യാഗങ്ങൾ സ്വീകരിക്കുകയും അവരുടെ ധനത്തിലും ആത്മാവിലും ബറക്കത്ത് നല്കുകയും ചെയ്യട്ടെ, നമ്മുടെ ശ്രമങ്ങളിൽ അളവറ്റ അനുഗ്രഹം നല് കുകയും അതിന്റെ ഏറ്റവും മികച്ച ഫലങ്ങൾ ഉണ്ടാക്കുകയും ചെയ്യട്ടെ. ഏക ദൈവത്തിന്റെ ഭരണം ലോകത്ത് സ്ഥാപിക്കപ്പെടുന്നതിനും നബിതിരുമേനിﷺ യുടെ വെന്നിക്കൊടി ലോകത്ത് പാറിപ്പറക്കുന്നതിനും നമ്മൾ എത്രയും പെട്ടെന്ന് ദൃക്സാക്ഷികളാകുമാറാകട്ടെ.

(مطبوعہ الفضل انٹرنیشنل 28/نومبر 2025ء، صفحہ ۱تا۸)

വിവ. അംനാസ് പി.കെ

പേജ് 1 ൽ നിന്ന്

വന്നു. പിന്നെ ഞാൻ കാണുന്നത് അവിടുന്ന് അതേ സ്ഥലത്ത് തന്നെ നിൽക്കുന്നതായാണ്. നബിതിരുമേനിﷺ എന്നോട് ഇത്രമാത്രം പറഞ്ഞു: താങ്കൾ എന്നെ ബുദ്ധിമുട്ടിലാക്കി. ഞാൻ ഇവിടെ മൂന്ന് ദിവസമായി താങ്കളെ കാത്തിരിക്കുകയാണ്.

(مشکوٰۃ کتاب الآداب، باب الوعد)

പേജ് 1 ൽ നിന്ന്

അപേക്ഷിക്കുന്നു, അബൂ ജഹൽ എനിക്ക് കുറച്ച് പണം തരാനുണ്ട്, അങ്ങ് എന്റെ കൂടെ വന്ന് എനിക്ക് ആ പണം വാങ്ങിത്തരണം.

അവൻ ഇത് പറഞ്ഞപ്പോൾ മക്കയിൽ പരസ്യമായി നടക്കുന്നത് റസൂൽ കരീംﷺക്ക് അപകടമുണ്ടാക്കുന്നതായിരുന്നു. കൂടാതെ, അബൂ ജഹൽ അങ്ങയുടെ ഏറ്റവും കടുത്ത ശത്രുവുമായിരുന്നു. അവന് അങ്ങേക്ക് വല്ല നാശനഷ്ടവും വരുത്താൻ സാധ്യതയുണ്ടായിരുന്നു. എന്നിട്ടും, അവിടുന്ന് ഉടൻ എഴുന്നേറ്റ് അവന്റെ കൂടെ നടന്നുപോയി അബൂ ജഹലിന്റെ വീട്ടിലെത്തി വാതിൽ മുട്ടി. അബൂ ജഹൽ ശബ്ദം കേട്ട് പുറത്തുവന്നു. അവിടുന്ന് പറഞ്ഞു: ഈ മനുഷ്യന്റെ കുറച്ച് പണം നീ വാങ്ങിയിട്ടുണ്ട്, ഉടൻ അത് അവന് നല്കുക. അബൂ ജഹൽ ഒരു മറുചോദ്യവും കൂടാതെ അകത്ത് പോയി പണം കൊണ്ടുവന്ന് ആ മനുഷ്യന് കൈമാറി.

അബൂ ജഹൽ മുഹമ്മദ് റസൂലുല്ലാഹ് ﷺ പറഞ്ഞതനുസരിച്ച് ഒരാൾക്ക് പണം കൊടുത്തത് ഒളിച്ചുവയ്ക്കാൻ കഴിയുന്ന കാര്യമായിരുന്നില്ല. കാട്ടുതീ പോലെ ഈ വിവരം മക്കയിൽ പരന്നു, ആളുകൾ അടക്കംപറയാൻ തുടങ്ങി: അബുൽ ഹകം (അബൂ ജഹലിന്റെ വിളിപ്പേര്) നമ്മളോട് പറയുന്നു മുഹമ്മദ് ﷺ യുടെ വാക്ക് കേൾക്കരുത് എന്ന്. എന്നിട്ട് അവൻ തന്നെ അവിടുത്തെ പേടിച്ച് ഒരു മിനിറ്റിനുള്ളിൽ പണം കൊടുക്കാൻ തയ്യാറായിരിക്കുന്നു. അവൻ ഈ കാര്യങ്ങൾ കേട്ടപ്പോൾ പറഞ്ഞു: അല്ലാഹുവാണ! നിങ്ങൾ എന്റെ സ്ഥാനത്തായിരുന്നെങ്കിൽ ഞാനീ ചെയ്തത് തന്നെ നിങ്ങളും ചെയ്യുമായിരുന്നു. കാരണം, മുഹമ്മദ് ﷺ വന്നപ്പോൾ ഞാൻ അവിടുത്തെ വലത്തും ഇടത്തും രണ്ട് മദമിളകിയ ഒട്ടകങ്ങൾ നിൽക്കുന്നത് കണ്ടു. അത് കണ്ട് എന്റെ ഹൃദയം നടുങ്ങിപ്പോയി. ഞാൻ അവിടുത്തെ വാക്ക് കേട്ടില്ലെങ്കിൽ ഈ രണ്ട് ഒട്ടകങ്ങളും എന്നെ കീറിമുറിച്ച് തിന്നുകളയുമെന്ന് എനിക്കുതോന്നി.

അയാൾക്ക് അങ്ങനെ ഒരു ദൃശ്യം കാണപ്പെട്ടോ അതോ സത്യത്തിന്റെ പ്രഭാവം അയാളിൽ ആധിപത്യം സ്ഥാപിക്കുകയായിരുന്നോ എന്ന് അല്ലാഹുവിനാണ് നന്നായറിയുക. എങ്കിലും റസൂൽ കരീം ﷺ ഹിൽഫുൽ ഫുളൂലിന്റെ കരാറിനോടുള്ള ബഹുമാനാർഥം ഒരു മർദ്ദിതന്റെ അവകാശം നേടിക്കൊടുക്കാൻ വേണ്ടി അങ്ങേയറ്റത്തെ അപകടങ്ങളെ വകവയ്ക്കാതെ അവന്റെ അടുത്ത് ചെന്നപ്പോൾ സത്യസന്ധതയുടെ പ്രഭാവം അവന്റെ ദുഷ്ടതയുടെ ആത്മാവിനെ തകർത്തു അവൻ മർദ്ദിതന്റെ അവകാശം കൊടുക്കാൻ തയ്യാറായി.

കൂടാതെ റസൂൽ കരീംﷺക്ക് ഉടമ്പടി പാലിക്കുന്നതിൽ അത്യധികം ശ്രദ്ധയുണ്ടായിരുന്നു. ഹുദൈബിയ്യ സന്ധിയുടെ സമയത്ത് ഒരു കരാർ ഉണ്ടായി. മക്കയിലുള്ളവരിൽ നിന്ന് വല്ല യുവാവും മുസ്‌ലിമായാൽ, അവനെ അവന്റെ ബന്ധുക്കളുടെ അടുത്തേക്ക് തിരിച്ചയക്കണം. എന്നാൽ മക്കയിലേക്ക് തിരിച്ചുപോകുന്ന ഒരു മുസ്‌ലിമിനെ തിരിച്ചയക്കാൻ മക്കയിലുള്ളവർ നിർബന്ധിതരാകുകയില്ല. ഈ കരാറിന്റെ മഷി ഉണങ്ങുന്നതിന് മുമ്പുതന്നെ മക്കയിലുള്ളവരുടെ ഭാഗത്തുനിന്ന് കരാർ ഒപ്പിട്ട സുഹൈലിന്റെ സ്വന്തം മകൻ കയറുകൊണ്ട് ബന്ധിക്കപ്പെട്ടവനും മുറിവുകളാൽ അവശനുമായി റസൂൽ കരീംﷺ യുടെ മുന്നിൽ വന്ന് വീണു. അവൻ പറഞ്ഞു: യാ റസൂലല്ലാഹ്! ഞാൻ മനസ്സുകൊണ്ട് മുസ്‌ലിമാണ് എന്നാൽ എന്റെ പിതാവ് ഇസ്‌ലാം കാരണമായി എന്നെ ഉപദ്രവിക്കുകയാണ്. ഇന്ന് എന്റെ പിതാവ് ഇവിടെ വന്നപ്പോൾ ഞാൻ അവസരം കിട്ടിയപ്പോൾ രക്ഷപ്പെട്ട് ഇവിടെ വന്നതാണ്. റസൂൽ കരീം ﷺ അവന് മറുപടി നല്കുന്നതിന് മുമ്പു തന്നെ അവന്റെ പിതാവ് പറഞ്ഞു: കരാർ തയ്യാറായിരിക്കുന്നു. ഇപ്പോൾ ഇവന് എന്റെ കൂടെ പോകേണ്ടിവരും. അബൂ ജൻദലിന്റെ അവസ്ഥ അപ്പോൾ അത്രയും ദുഃഖകരമായിരുന്നു, മുസ്‌ലീങ്ങളുടെ കണ്ണുകളിൽ നിന്ന് കണ്ണീർ ഒഴുകുന്നുണ്ടായിരുന്നു. അബൂ ജൻദൽ റസൂൽ കരീം ﷺ യോട് അപേക്ഷിച്ചു: യാ റസൂലല്ലാഹ്! എന്നെ വീണ്ടും മക്കയിലുള്ളവരുടെ അടുത്തേക്ക് അവർ എന്നെ ഇതിനേക്കാൾ കൂടുതൽ ഉപദ്രവിക്കാൻ വേണ്ടി തിരിച്ചയക്കുമോ? അവിടുന്ന് പറഞ്ഞു: ദൈവദൂതന്മാർ കരാർ ലംഘിക്കാറില്ല. നിനക്ക് എന്തായാലും തിരിച്ചുപോകേണ്ടിവരും. നീ ക്ഷമയോടെയിരിക്കുക. അല്ലാഹുവിൽ ഭരമേൽപ്പിക്കുക. അങ്ങനെ, അവനെ മക്കയിലേക്ക് തിരിച്ചയച്ചു. പിന്നീട് അവിടുന്ന് മദീനയിൽ എത്തിയപ്പോൾ മക്കയിലെ മറ്റൊരു യുവാവ് അബൂ ബസ്വീർ رضي الله عنه അങ്ങയുടെ പിന്നാലെ ഓടി മദീനയിൽ എത്തി. എങ്കിലും റസൂൽ കരീം ﷺ കരാർ അനുസരിച്ച് അവനെയും മക്കയിലേക്ക് തിരിച്ചുപോകാൻ നിർബന്ധിച്ചു. അതുപോലെ, ഉടമ്പടി പാലിക്കുന്നതിൽ അവിടുത്തേക്ക് വളരെയധികം ശ്രദ്ധയുണ്ടായിരുന്നു: ഒരിക്കൽ ഒരു ഭരണകൂടത്തിന്റെ ദൂതൻ റസൂൽ കരീംﷺ യുടെ അടുത്ത് ഒരു സന്ദേശവുമായി വന്നു. അവിടുത്തെ സംസർഗത്തിൽ കുറച്ച് ദിവസം കഴിഞ്ഞപ്പോൾ അവൻ ഇസ്‌ലാമിന്റെ സത്യാവസ്ഥയിൽ വിശ്വസിച്ചു. അവൻ റസൂൽ കരീം ﷺ യോട് അപേക്ഷിച്ചു: യാ റസൂലല്ലാഹ്, എനിക്ക് എന്റെ ഇസ്‌ലാം പരസ്യമാക്കണം. റസൂൽ കരീംﷺ പറഞ്ഞു: ഇത് ഉചിതമല്ല. നീ നിന്റെ ഭരണകൂടത്തിന്റെ ഭാഗത്തുനിന്ന് ഒരു പ്രത്യേക പദവിയിൽ നിയോഗിക്കപ്പെട്ടവനാണ്. നീ ഈ അവസ്ഥയിൽ തന്നെ തിരിച്ചുപോകുക. അവിടെ ചെന്നിട്ടും നിന്റെ മനസ്സിൽ ഇസ്‌ലാമിനോടുള്ള സ്നേഹം നിലനിൽക്കുകയാണെങ്കിൽ, വീണ്ടും വന്ന് ഇസ്‌ലാം സ്വീകരിക്കുക.

(ابو داؤد باب الوفاء بالعهد)

കൂടാതെ മുസ്‌ലീങ്ങൾക്കും ഉടമ്പടി പാലിക്കുന്നതിൽ വളരെയധികം ശ്രദ്ധയുണ്ടായിരുന്നു: ഒരിക്കൽ യുദ്ധവേളയിൽ അവിശ്വാസികൾ വഞ്ചനയിലൂടെ ഒരു ഹബ്ശിയായ (എത്യോപ്യൻ) മുസ്‌ലിമുമായി ഒരു കരാർ ഉണ്ടാക്കുകയും കോട്ടയുടെ വാതിലുകൾ തുറന്നു കൊടുക്കുകയും ചെയ്തു. സേന കോട്ടയിൽ പ്രവേശിക്കാൻ മുന്നോട്ട് വന്നപ്പോൾ അവർ പറഞ്ഞു: ഞങ്ങളുമായി കരാർ കഴിഞ്ഞിരിക്കുന്നു. കമാൻഡർ പറഞ്ഞു: ഞാനുമായി കരാർ ഉണ്ടായിട്ടില്ല. അവർ പറഞ്ഞു: ഞങ്ങൾ ഒരു ഹബ്ശിയുമായി കരാർ ഉണ്ടാക്കിയിരുന്നു. അവൻ ചില വ്യവസ്ഥകളിൽ ഞങ്ങൾക്ക് അഭയം തന്നു. കമാൻഡർ പറഞ്ഞു: കരാർ ഉണ്ടാക്കാൻ അവന് എന്ത് അധികാരം? കരാർ എന്നോടാണ് ഉണ്ടാക്കേണ്ടിയിരുന്നത്. അവർ പറഞ്ഞു: അതൊന്നും ഞങ്ങൾക്കറിയില്ല. ഞങ്ങൾ നിങ്ങളുമായി കരാർ ഉണ്ടാക്കിക്കഴിഞ്ഞു. ഈ തർക്കം വർദ്ധിച്ചപ്പോൾ ഇസ്‌ലാമിക സേനയുടെ കമാൻഡർ ഹദ്റത്ത് ഉമർ(റ)ന് ഈ സംഭവം മുഴുവൻ എഴുതി അയച്ചു. എന്നിട്ട് ഇനി എന്തു ചെയ്യണം? എന്ന് ചോദിച്ചു.


ഹദീഥുന്നബവി ﷺ

"അൽഖാലത്തു വാലിദത്തുൻ."
മാതൃസഹോദരിയും മാതാവ് തന്നെയാണ്.

TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീഥുന്നബവി ﷺ

"ബജ്ജിലുൽ മശാഇഖ."
പ്രായമുളളവരെ ബഹുമാനിക്കുക.

tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : P.K.Amnas
Mobile : +91 82815 93429
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 11 December 2025 Issue-50

ACTING MANAGER
ATHAR AHMAD SHAMIM

Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഹദ്റത്ത് ഉമർؓ മറുപടി നല്കി: അല്ലാഹു ഉടമ്പടി പാലിക്കുന്നതിന് വലിയ മഹത്വവും പ്രാധാന്യവും നല്കിയിരിക്കുന്നു. അതിനാൽ, നിങ്ങൾ ആ ഉടമ്പടി പൂർത്തിയാക്കുക. എതിർകക്ഷി തന്നെ ആ ഉടമ്പടി ലംഘിക്കുന്നതുവരെ നിങ്ങൾ അതിൽ ഉറച്ചുനിൽക്കുക.

(طبری جلد ۵ ص ۲۵۲۸)

(تفسیر کبیر جلد ششم صفحہ 133)

**പേജ് 1 ൽ നിന്ന്**

നായിരിക്കുക,. അതനുസരിച്ച് ദൈവദാസരുടെ (മനുഷ്യരുടെ) അവകാശങ്ങൾ മാനിക്കുക എന്നിവയാണ് മനുഷ്യന്റെ എല്ലാ ആത്മീയ സൗന്ദര്യവും ബന്ധപ്പെട്ടിരിക്കുന്ന മാർഗമെന്നത് വ്യക്തമാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ തഖ്‌വയ്ക്ക് വസ്ത്രം എന്ന പേരു വച്ചിരിക്കുന്നു. ലിബാസുത്തഖ്‌വ (തഖ്‌വയുടെ വസ്ത്രം) എന്നത് ഖുർആനിലെ പദമാണ്. ആത്മീയ സൗന്ദര്യവും ആത്മീയ അലങ്കാരവും തഖ്‌വയിൽ നിന്നാണ് ഉണ്ടാകുന്നത് എന്നതിലേക്കുള്ള സൂചനയാണിത്. തഖ്‌വ എന്നാൽ മനുഷ്യൻ അല്ലാഹുവിന്റെ എല്ലാ അമാനത്തുകളും ഈമാൻ സംബന്ധിച്ച ഉടമ്പടികളും, അതുപോലെ സൃഷ്ടികളുടെ എല്ലാ അമാനത്തുകളും ഉടമ്പടികളും കഴിയുന്നത്ര പാലിക്കുക; അതായത്, അവയുടെ അതിസൂക്ഷ്മമായ വശങ്ങളിൽ പോലും കഴിവനുസരിച്ച് പ്രവർത്തിച്ചുപോരുകയാണ്.

*ഈമാൻ സംബന്ധിച്ച ഉടമ്പടികൾ എന്നാൽ മനുഷ്യൻ ബൈഅത്തും (അനുസരണ പ്രതിജ്ഞ) ഈമാനും (വിശ്വാസം) സ്വീകരിക്കുമ്പോൾ ഏറ്റുപറയുന്ന ഉടമ്പടികളാണ്. ഉദാഹരണത്തിന്, രക്തം ചിന്തുകയില്ല, മോഷണം നടത്തുകയില്ല, കള്ളസാക്ഷി പറയുകയില്ല, ദൈവത്തോട് ആരെയും പങ്കുചേർക്കുകയില്ല, ഇസ്‌ലാമും നബിതിരുമേനിﷺയുടെ അനുസരണവും അന്ത്യശ്വാസം വരെ യുണ്ടാകും. ലേഖ.

*(ബറാഹീൻ അഹ്‌മദിയ്യ അഞ്ചാം ഭാഗം: അനുബന്ധം, റൂഹാനി ഖസായിൻ ഭാഗം: 21, പേജ്: 208 - 210)*

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**TOLL FREE NUMBER**
**1800 3010 2131**

# സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അയ്യദഹുല്ലാഹു)ന്റെ ഓസ്ട്രേലിയൻ സന്ദർശനം 2013

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ഹസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു)പറഞ്ഞു: ഈ ആയത്തുകളിൽ അല്ലാഹു വീണ്ടും വീണ്ടും അനുസരണത്തിന് ഊന്നൽ നല്കുന്നു. ശേഷം അവസാനത്തെ ആയത്തിൽ, നമസ്കാരത്തോടും സക്കാത്തിനോടും ഒപ്പം റസൂലിന്റെ അനുസരണം അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും നേടുന്നതിനുള്ള മാർഗമായി പറയുന്നു. വരാനിരിക്കുന്ന മസീഹിനെയും മഹ്ദിയെയും നിങ്ങൾ സ്വീകരിക്കണമെന്നും അങ്ങനെ നിങ്ങൾക്ക് കാരുണ്യം ലഭിക്കുമെന്നും നീണ്ട അന്ധകാര യുഗത്തിനു ശേഷം, ഖാത്തമുൽ ഖുലഫാ് കൂടിയായ വാഗ്ദത്ത മഹ്ദീ മസീഹിലൂടെ വീണ്ടും ഖിലാഫത്ത് വ്യവസ്ഥ ആരംഭിക്കുമെന്നും നബി തിരുമേനി ﷺ പ്രസ്താവിച്ചിരുന്നു.

ഹസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു)പറഞ്ഞു: ഈ ഖാത്തമുൽ ഖുലഫ ആഗതനായിക്കൊണ്ട് യഥാർഥ അനുസരണവും ജിഹാദും എന്താണെന്നും അത് എങ്ങനെ നിർവഹിക്കണമെന്നും പഠിപ്പിക്കേണ്ടതുണ്ടായിരുന്നു. സിംഗപ്പൂരിൽ ജമാഅത്തിന് പുറത്തുള്ള വിദ്യാസമ്പന്നരായ പ്രൊഫസർമാർ, ഡോക്ടർമാർ, പത്രപ്രവർത്തകർ എന്നിവരടങ്ങുന്ന ഒരു കൂട്ടം ഇന്തോനേഷ്യക്കാർ വന്നിരുന്നു, . അവർ ചോദിച്ചു, ജിഹാദിനെ പിന്തുണയ്ക്കുന്നില്ല എന്ന ആരോപണം നിങ്ങൾക്ക് എതിരെ ഉണ്ടല്ലോ. ഞാൻ പറഞ്ഞു: ഞങ്ങൾ ജിഹാദിനെ പിന്തുണയ്ക്കുന്നു. ഞങ്ങൾ ജിഹാദിന് എതിരല്ല. എന്നാൽ ഇന്നത്തെ കാലഘട്ടത്തിന് ആവശ്യമായ ജിഹാദിന്റെ സ്വഭാവം മാറിയിരിക്കുന്നു. ഇപ്പോൾ ഒരു ഭരണകൂടമോ, ഒരു സംഘടനയോ മതമെന്ന നിലയിൽ ഇസ്‌ലാമിനെ ആക്രമിക്കുന്നില്ല. ഇത് രാഷ്ട്രീയപരമായ യുദ്ധങ്ങളാണ്, ഇസ്‌ലാമിന്റെ പേരിൽ ആക്രമണം നടക്കുന്നില്ല. ഇസ്‌ലാമിനെ ആക്രമിക്കുന്നുണ്ടെങ്കിൽ അത് വാളിലൂടെയല്ല, മറിച്ച് പ്രസ്സിലൂടെയും, മീഡിയയിലൂടെയും, തബ്ലീഗിലൂടെയുമാണ്. ഇപ്പോൾ ഉപയോഗിക്കുന്ന അതേ ആയുധങ്ങൾ ഉപയോഗിച്ച് നമ്മൾ പ്രതിരോധിക്കേണ്ട് ആവശ്യമാണുള്ളത്. ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ്ؑനമ്മെ പഠിപ്പിച്ചത്. പറഞ്ഞു: ഈ കാലഘട്ടത്തിൽ വാളിന്റെ ജോലി പേന കൊണ്ട് ചെയ്യുക. അതുകൊണ്ട് ഈ കാലഘട്ടത്തിലെ ജിഹാദിന്റെ ആയുധം ഇതാണ്, ഇത് വഴിയാണ് ഈ യുഗത്തിൽ ഇസ്‌ലാമിന് പുരോഗമിക്കാൻ സാധിക്കുക. ഇൻശാ അല്ലാഹ്.

ഹസൂർ അൻവർ (അയ്യദഹുല്ലാഹു) പറഞ്ഞു: ജമാഅത്ത് ഓരോ ദിവസവും വളർന്നു കൊണ്ടിരിക്കുന്നത് നബിതിരുമേനി ﷺ യുടെ അനുസരണത്തിന്റെ ഫലമാണ്. ഓരോ വർഷവും ലക്ഷക്കണക്കിന് ആളുകൾ ഇസ്‌ലാമിൽ ചേരുന്നു. സത്സ്വഭാവികളായ മുസ്‌ലീങ്ങൾ പോലും സത്യം മനസ്സിലാക്കി. നബിതിരുമേനി ﷺ മുൻകൂട്ടി പ്രവചിച്ചപ്രകാരം ഹദ്റത്ത് മസീഹ് മൗഊദ് ؑ അവതരിപ്പിച്ചതും അദ്ദേഹം യഥാർഥത്തിൽ പ്രാവർത്തികമാക്കി കാണിച്ചതുമായ ആ യഥാർഥ ഇസ്‌ലാമിൽ ചേരുന്നു. അതേ അധ്യാപനമാണ് പരിശുദ്ധ ഖുർആനിലുള്ളത്. മറ്റ് മുസ്‌ലീങ്ങൾ എണ്ണത്തിൽ കൂടുതലാണെങ്കിലും, തബ്‌ലീഗ് ജോലികളോ, ഇസ്‌ലാമിന്റെ ഇതര സേവനങ്ങളോ ചെയ്യുന്നില്ല. അതെ, അവർ ജിഹാദ്, ജിഹാദ് എന്ന് പറഞ്ഞ് അലമുറ കൂട്ടുന്നു. ജിഹാദ് എന്നാൽ കൊലപാതകവും കൊള്ളിവയ്പ്പുമല്ല. ജിഹാദ് എന്നാൽ ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുക എന്നതാണ്. അതിന്റെ മനോഹരമായ അധ്യാപനം ലോകത്തിന് വ്യക്തമാക്കുക എന്നതാണ്. എന്നാൽ മുസ്‌ലീം ഭൂരിപക്ഷം നിശബ്ദരാണ്. ജിഹാദ് നടത്തണമെന്ന് പറയുന്നുണ്ടെങ്കിലും ജിഹാദ് ചെയ്യുന്നില്ല. മറ്റൊരു വിഭാഗം ജിഹാദിന്റെ പേരിൽ അതിക്രമങ്ങൾ നടത്തി ലോകസമാധാനം തകർക്കുകയും ഇസ്‌ലാമിനെ അപകീർത്തിപ്പെടുത്തുകയും ചെയ്യുന്നു. ഈ പ്രവൃത്തികൾ കാരണം ലോകത്തിന്റെ കണ്ണിൽ അവർ നിന്ദ്യരായിക്കൊണ്ടിരിക്കുകയാണ്. കാരണം അവർ ചെയ്യുന്ന പ്രവൃത്തികൾക്ക് ശേഷം അവർക്ക് വിജയമോ, സ്വീകാര്യതയോ ലഭിക്കുന്നില്ല. എന്നാൽ അഹ്‌മദിയ്യാ ജമാഅത്തിന്റെ അന്തസ്സ് ലോകത്ത് ഉയർന്നു കൊണ്ടേയിരിക്കുന്നു. യഥാർഥത്തിൽ ഇത് അഹ്‌മദിയ്യാ ജമാഅത്തിന്റെ അന്തസ്സല്ല, മറിച്ച് ലോകത്ത് എത്തിച്ചേരുന്ന ഇസ്‌ലാമിന്റെ സന്ദേശമാണ്. ഇസ്‌ലാമിന്റെ അധ്യാപനം ലോകത്ത് കൂടുതൽ പ്രകാശിച്ചു കൊണ്ട് പ്രകടമായിക്കൊണ്ടിരിക്കുന്നു.

ഹുസൂർ അൻവർ (അയ്യദഹുല്ലാഹു) പറഞ്ഞു: അഹ്‌മദിയ്യാ ജമാഅത്ത് വിവിധ ഭാഷകളിൽ പരിശുദ്ധ ഖുർആന്റെ പരിഭാഷ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇസ്‌ലാമിന് അനുകൂലമായ സാഹിത്യങ്ങൾ പ്രസിദ്ധീകരിക്കുകയും എതിരാളികൾക്ക് മറുപടി നല്കുകയും ചെയ്യുന്നു. ഇന്ന് ഇതെല്ലാം ചെയ്യുന്നത് അഹ്‌മദിയ്യാ ജമാഅത്ത് മാത്രമാണ്. നമ്മുടെ തബ്‌ലീഗിന്റെ ഒരു പ്രധാന മാർഗം എം.ടി.എ (മുസ്ലീം ടെലിവിഷൻ അഹ്‌മദിയ്യ) ആണ്. ഇത് ഇരുപത്തിനാല് മണിക്കൂറും വിവിധ ഭാഷകളിൽ ഇസ്‌ലാമിന്റെയും അഹ്‌മദിയ്യത്തിന്റെയും യഥാർഥ സന്ദേശം പ്രസരിപ്പിക്കുന്നു. ലോകം ഇതിലേക്ക് ആകർഷിക്കപ്പെടുന്നുമുണ്ട്. ഇതര മുസ്‌ലീങ്ങൾ പോലും എം.ടി.എ വഴി യഥാർഥ ഇസ്‌ലാമിന്റെ അധ്യാപനം മനസ്സിലാക്കുന്നു. മറ്റ് മുസ്‌ലീങ്ങൾ ഭൂരിപക്ഷമായിട്ടും അവരുടെ ഊർദ്ധശിരസ്കരാണ്. കാരണം ഇസ്‌ലാമിന് എതിരായ ഒരു ചോദ്യത്തിനും മറുപടി നല്കാൻ അവർക്ക് കഴിയുന്നില്ല. എന്നാൽ ഇപ്പോൾ എം.ടി.എ കാണാൻ സാധിക്കുന്ന ആളുകൾ ഇങ്ങനെ എഴുതിത്തുടങ്ങി: ഞങ്ങൾ ഇപ്പോൾ തല ഉയർത്തി നടക്കാൻ തുടങ്ങി. ഇതിന് ചില ഉദാഹരണങ്ങൾ ഞാൻ സമർപ്പിക്കാം. അഹ്‌മദിയ്യത്ത് സ്വീകരിക്കാത്തവർക്കും അവകേട്ട് പ്രശംസിക്കാതെയിരിക്കാൻ കഴിഞ്ഞില്ല. ചിലർ ഇത് കേട്ട് അഹ്‌മദിയ്യത്ത് സ്വീകരിച്ചു.

*ശേഷം വരുംലക്കങ്ങളിൽ (ഇൻശാ അല്ലാഹ്*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin